ഇന്ത്യൻ സുപ്രീം കോടതിയിൽ

സിവിൽ അപ്പീൽ അധികാരപരിധി

**2020** ലെ സിവിൽ അപ്പീൽ നമ്പറുകൾ **1993-1995**
**(2019** ലെ എസ്**.**എൽ**.**പി**(**സിവിൽ**)** നമ്പറുകൾ **22949-22951** ൽ നിന്നും
ഉടലെടുത്തത്**)**

| | | |
|---|---|---|
| സി ജയചന്ദ്രൻ | - | അപ്പീൽവാദി(കൾ) |
| വി. | | |
| കേരള സംസ്ഥാനവും മറ്റുള്ളവരും മുതൽപേർ | - | എതിർകക്ഷി(കൾ) |

വിധിന്യായം

**HEMANT GUPTA J**.

1. അപ്പീൽ നൽകുവാൻ അനുവദിച്ചു.

2. 2019 ജനുവരി 8 ന് ഹൈക്കോടതിയുടെ വിവരസ്ഥനായ സിംഗിൾ ബെഞ്ച് പാസാക്കിയ ഉത്തരവ് റദ്ദാക്കിക്കൊണ്ട്, 2019 സെപ്റ്റംബർ 3 ന് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പാസാക്കിയതായ ഒരു വിധിന്യായം അല്ലെങ്കിൽ ഉത്തരവാണ് നിലവിലെ അപ്പീലിലെ തർക്കം.

3. 1961 ലെ കേരള സ്റ്റേറ്റ് ഹയർ ജുഡീഷ്യൽ സർവീസ് പ്രത്യേക നിയമങ്ങളിൽ[1] പറയും പ്രകാരം കേരള ഹയർ ജുഡീഷ്യൽ സർവീസിലെ ആറ് തസ്തികകളിലെ ഒഴിവ് നികത്തുന്നതിലേക്കായി 2007 ഏപ്രിൽ 16 ന് പ്രസിദ്ധീകരിച്ച പരസ്യമാണ് നിലവിലെ അപ്പീലിലേക്കു നയിച്ച വസ്തുതകൾ. അത്തരം പരസ്യപ്രകാരമുള്ള തിരഞ്ഞെടുക്കൽ പ്രക്രിയയിൽ കുറഞ്ഞ പ്രായം 35 വയസായി നിജപ്പെടുത്തിയതിനെ സംബന്ധിച്ച് അപ്പീൽവാദികൾ തർക്കമുന്നയിച്ചിട്ടുള്ളതാണ്. 2009 നവംബർ 12-)o തീയതിയിലെ ഉത്തരവ് പ്രകാരം കുറഞ്ഞ വയസ്സിനെ സംബന്ധിച്ച യോഗ്യത കേരള ഹൈക്കോടതി എടുത്തുമാറ്റി. 2009 ഡിസംബർ 15-)o തീയതി ടി ഉത്തരവിനെതിരെയുള്ള പ്രത്യേക അവധി അപേക്ഷ തള്ളിയിട്ടുള്ളതാണ്. ടി ഉത്തരവിനുശേഷം, റിസർവേഷൻ വിഭാഗത്തിനായി ഉദ്ദേശിച്ചിട്ടുള്ള തസ്തികയിലേക്ക് മറ്റു മൂന്നുപേരെ

---
1 ചുരുക്കത്തിൽ, 'നിയമങ്ങൾ'

തിരഞ്ഞെടുത്തപ്പോൾ ജനറൽ മെറിറ്റ് ഒഴിവുകളിലേക്കായി ബാബു, കൗസർ എടപ്പകത്ത്, ബഹറുദ്ദീൻ എന്ന പേരുള്ള നാല് ഉദ്യോഗാർത്ഥികളെയും തിരഞ്ഞെടുത്തു.

4. അത്തരം തിരഞ്ഞെടുക്കൽ പ്രക്രിയയെ അപ്പീൽവാദികൾ ഈ കോടതി മുമ്പാകെ തർക്കിച്ചു. പൊതുപ്രാധാന്യമുള്ള ഒരു ചോദ്യം റിട്ട് പെറ്റീഷനിൽ ഉൾപ്പെടുന്നുവെന്നുകണ്ടു 2010 മെയ് മാസം 14-)o തീയതി അപ്പീൽവാദികൾക്കു ഹൈക്കോടതിയിലേക്കു പോകാനുള്ള സ്വാതന്ത്ര്യം നല്കികൊണ്ട് അപ്പീൽവാദി ഫയൽ ചെയ്തതായ 2010 ലെ 200-)o നമ്പർ റിട്ട് പെറ്റീഷൻ തീർപ്പാക്കിയിട്ടുള്ളതാണ്. അതിനുശേഷമാണ്, 2009 മാർച്ച് മാസം 30-)o തീയതി നിയമിതനായ ഉദ്യോഗാർത്ഥികൾക്ക് ഗ്രേസ് മാർക്ക് / മോഡറേഷൻ നൽകിയത് ചോദ്യം ചെയ്തുകൊണ്ട് അപ്പീൽവാദികൾ 2010 ലെ 16206 നമ്പറായ റിട്ട് പെറ്റീഷൻ ഹൈകോടതി മുൻപാകെ ഫയൽ ചെയ്തതതും, ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജിയായുള്ള നിയമനം ആവശ്യപ്പെട്ടതും. 2010 സെപ്റ്റംബർമാസം 13-)o തീയതി ഹൈകോടതിയുടെ ഡിവിഷൻ ബെഞ്ച് ടി റിട്ട് പെറ്റീഷൻ അനുവദിച്ചിട്ടുള്ളതാണ്. മോഡറേഷൻ മാർക്ക് നൽകിയത് നിലനിൽക്കുന്നതല്ല എന്ന് കണ്ടെത്തുകയും ചെയ്തു. തിരഞ്ഞെടുക്കൽ പട്ടിക പരിഷ്കരിക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചു. പ്രധാനപ്പെട്ട കണ്ടെത്തലുകൾ താഴെ പറയുന്ന പ്രകാരം വായിക്കുന്നു.

> "32. ഫലത്തിൽ, മോഡറേഷൻ നൽകുന്നതിനുള്ള തിരഞ്ഞെടുക്കൽ സമിതിയുടെ തീരുമാനം നിയപ്രകാരം നിലനിൽക്കുന്നതല്ല എന്ന അഭിപ്രായം ഞങ്ങൾക്കുള്ളതാണ്. ആയതുകൊണ്ട് ടി തീരുമാനത്തിന് തുടർച്ചയായുള്ള എല്ലാ തുടർ നടപടികളും നിലനിൽക്കുന്നതല്ല. പരീക്ഷയിൽ കട്ട് ഓഫ് മാർക്ക് നേടിയതിന്റെ അടിസ്ഥാനത്തിൽ ആദ്യമായി യോഗ്യരെന്നു കണ്ടെത്തിയ ഏഴ് ഉദ്യോഗാർത്ഥികളെ മാത്രമേ പരീക്ഷയിൽ ചോദ്യോത്തര പരീക്ഷയിൽ ഉൾപ്പെടുത്താവൂ എന്നും ആദ്യമേ പരസ്യപ്പെടുത്തിയതായ ആറ് തസ്തികകളിലേക്കുള്ള ഒഴിവുകൾ നികത്തുന്നതിലേക്കുള്ള അവരുടെ യോഗ്യത സംബന്ധിച്ചുള്ള ശരിയായ തീരുമാനം നിയമപ്രകാരം 1-)o എതിർകക്ഷി എടുക്കേണ്ടതാണെന്നതുമാണ് തൽഫലമായുണ്ടായ സാഹചര്യം.
>
> 33. എന്നിരുന്നാലും, പത്തു തസ്തികകൾ പൂരിപ്പിക്കുന്നതിനായുള്ള 1-)o എതിർകക്ഷിയുടെ പിന്നീടുള്ള തീരുമാനത്തിന്റെ വെളിച്ചത്തിൽ, തിരഞ്ഞെടുക്കൽ പട്ടിക പരിഷ്കരിച്ച്, നിയമപ്രകാരം മേൽപ്പറഞ്ഞ ഏഴ് ഉദ്യോഗാർത്ഥികളിൽനിന്നുള്ള തിരഞ്ഞെടുപ്പുമായി 1-)o എതിർകക്ഷിക്ക് മുന്നോട്ട് പോകാവുന്നതാണ്...."

5. 2010 ലെ 27701 -27702 നമ്പറുകളിലായ എസ്. എൽ. പി. ഫയൽ ചെയ്തുകൊണ്ട് ഗ്രേസ് മാർക്കിന്റെ സഹായത്തോടെ നിയമിക്കപ്പെട്ട മൂന്നു ഉദ്യോഗാർത്ഥികൾ ടി ഉത്തരവിനെതിരെ, ടി കോടതി മുൻപാകെ അവകാശവാദം നടത്തി.

6. ഡിസ്ട്രിക്ട് ജഡ്ജിമാരായി നിയമിക്കപ്പെടാൻ അർഹരെന്നു കണ്ടെത്തിയ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പുതുക്കിയ യോഗ്യത പട്ടിക തയ്യാറാക്കി. കേരള സ്റ്റേറ്റ് ഹയർ ജുഡീഷ്യൽ സർവീസിൽ വിജ്ഞാപനം ചെയ്യപ്പെട്ട ആറ് ഒഴിവുകളിൽ ഡിസ്ട്രിക്ട് ജഡ്ജിമാരായി നിയമിക്കപ്പെടുവാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ തിരഞ്ഞെടുക്കൽ പട്ടിക താഴെ പറയും പ്രകാരം അന്തിമമാക്കി.

| ക്രമ നമ്പർ | ടേൺ നമ്പർ | റോൾ നമ്പർ | ഉദ്യോഗാർത്ഥിയുടെ പേര് | റാങ്ക് നമ്പർ | ജാതി |
|---|---|---|---|---|---|
| 1 | 37-തുറന്ന മത്സരം | 201 | ബാബു കെ. | 1 | ഈഴവ |

| | | | | | |
|---|---|---|---|---|---|
| 2 | 38-എസ്.ഐ. യു.സിയിൽ പ്പെട്ട നാടാർ | --- | എൻ. സി. എ. | ---- | എസ്. ഐ. യു.എസ്സിൽ പ്പെട്ട നാടാർ |
| 3 | 39-തുറന്ന മത്സരം | 413 | കൗസർ എടപ്പകത്ത് | 2 | മുസ്ലിം |
| 4 | 40- ഒ .ബി.സി | --- | എൻ. സി. എ. | --- | ഒ .ബി.സി |
| 5 | 41-തുറന്ന മത്സരം | 355 | ജയചന്ദ്രൻ സി. | 3 | ജനറൽ |
| 6 | 42-ഇ.ടി.ബി. മുസ്ലിം | 206 | ബദറുദ്ദീൻ എ. | 5 | മുസ്ലിം |

7. കേരള ഗവണ്മെന്റ് ടി തിരഞ്ഞെടുക്കൽ പട്ടികയ്ക്കനുസൃതമായി, പുറപ്പെടുവിച്ചതായ 2010 ഡിസംബർ 22-)ൗ തീയതിയിലെ ഉത്തരവ് പ്രകാരം ഡിസ്ട്രിക്ട് ജഡ്ജിയുടെ കേഡറിൽ അപ്പീൽവാദി നിയമിതനായി. ടി ഉത്തരവിലെ പ്രധാനപെട്ട ഭാഗം താഴെ പറയും പ്രകാരം വായിക്കുന്നു:

"4. അതനുസരിച്ച്, കേരള ജുഡീഷ്യൽ ഹയർ ജുഡീഷ്യൽ സർവീസിലെ ആറ് വിജ്ഞാപിത ഒഴിവുകളിൽ കെ.എസ്.എസ്.ആറിലെ 14 മുതൽ 17 വരെ ചട്ടങ്ങൾ പാലിച്ചുകൊണ്ട് 37, 39, 41, 42 എന്നിങ്ങനെയുള്ള സ്ഥാനങ്ങളിലേക്ക് ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജിയായുള്ള നിയമനത്തിനായി മോഡറേഷൻ കൂടാതെ എഴുത്തുപരീക്ഷയിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളിൽ, താഴെ പറയുന്ന നാല് ഉദ്യോഗാർത്ഥികളുടെ പേരുകളോട് കൂടി, തിരഞ്ഞെടുക്കൽപട്ടിക പരിഷ്കരിക്കാൻ ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ നിർദേശം ലഭിച്ചിട്ടുള്ളതാണ്.

1. ശ്രീ ബാബു കെ.
2. ശ്രീ കൗസർ എടപ്പകത്ത്
3. ജയചന്ദ്രൻ സി.
4. ശ്രീ ബദറുദ്ദീൻ എ.

5. മേൽപ്പറഞ്ഞ ഒന്നാം പേപ്പറായി വായിച്ച ഗവണ്മെന്റ് ഉത്തരവ് പ്രകാരം ഉൾക്കൊള്ളിച്ച ശ്രീ ബാബു കെ., ശ്രീ കൗസർ എടപ്പകത്ത്, ശ്രീ ബദറുദ്ദീൻ എ. എന്നിവരെ, 21-5 2019 തീയതി, അതായതു അവർ അധികാരം ഏറ്റെടുത്ത തീയതി മുതൽ, സർവീസ് തുടരാനനുവദിക്കുന്നതിനും കേരള ഹയർ ജുഡീഷ്യൽ സർവീസിൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജിയായി ശ്രീ. ജയചന്ദ്രൻ സി. യെ, അദ്ദേഹം അധികാരം ഏറ്റെടുക്കുന്ന തീയതി മുതൽ നിയമിക്കുന്നതിനും ആവശ്യമായ ഗവണ്മെന്റ് ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ മേൽപ്പറഞ്ഞ നിർദേശം കൂടുതലായി ആവശ്യപ്പെടുന്നു.

Xx xx xx

ii. മേൽപ്പറഞ്ഞ സാഹചര്യത്തിൽ:

(ii) 1-)ൗമത്തെ പേപ്പറായി മുകളിൽ വായിച്ചതായ സർക്കാർ ഉത്തരവനുസരിച്ചു യഥാക്രമം 37, 39, 42 എന്നീ സ്ഥാനങ്ങളിൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജിമാരായി നിയമിതരായ ശ്രീ ബാബു കെ, ശ്രീ കൗസർ എടപ്പകത്ത്, ശ്രീ ബദറുദീൻ എ. എന്നിവരെ 2001 മെയ് മാസം 21-)ൗ തീയതി മുതൽ അതായത് അവർ അധികാരം ഏറ്റെടുത്ത തീയതി മുതൽ സർവീസിൽ തുടരാൻ അനുവദിക്കുന്നതിലും,

(ii) കേരള ജുഡീഷ്യൽ സർവീസിലെ ടേൺ നമ്പർ 41 ൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജിയായി ആലുവ-683102 ലെ കിഴക്കു കൊടുങ്ങല്ലൂർ, യു.സി കോളേജ് പി.ഒ. യിലെ ലക്ഷ്മി വിലാസിലെ ശ്രീ ജയചന്ദ്രൻ സി. യെ അദ്ദേഹം അധികാരം

ഏറ്റെടുത്ത തീയതി മുതൽ നിയമിക്കുന്നതിലും
സർക്കാർ സംതൃപ്തരാണ്.

8. ശ്രീമതി സുലേഖ എം ന്റെ നിയമനം റദ്ദാക്കികൊണ്ടും, ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജിയുടെ കേഡറിൽ അപ്പീൽവാദിയെ നിയമിച്ചുകൊണ്ടും 2010 ഡിസംബർ 22-)ഠ തീയതി കേരള സർക്കാർ ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചു. താഴെ പറയും പ്രകാരം പരാമർശിക്കപ്പെട്ട ഒരു വിശദീകരണ കുറിപ്പ് വിജ്ഞാപനത്തിൽ ചേർത്തിരിക്കുന്നു:

> "അതനുസരിച്ച്, കേരള ജുഡീഷ്യൽ ഹയർ ജുഡീഷ്യൽ സർവീസിലെ ആറ് വിജ്ഞാപിത ഒഴിവുകളിൽ കെ.എസ്.എസ്.ആറിലെ 14 മുതൽ 17 വരെ ചട്ടങ്ങൾ പാലിച്ചുകൊണ്ട് 37, 39, 41, 42 എന്നിങ്ങനെയുള്ള സ്ഥാനങ്ങളിലേക്ക് ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജിയായുള്ള നിയമനത്തിനായി മോഡറേഷൻ കൂടാതെ എഴുത്തുപരീക്ഷയിൽ യോഗ്യത നേടിയ ശ്രീ ബാബു കെ., ശ്രീ കൗസർ എടപ്പകത്ത്, ജയചന്ദ്രൻ സി., ശ്രീ ബദറുദ്ദീൻ. എന്നിവരുടെ പേരുകൾ കൂട്ടി, തിരഞ്ഞെടുക്കൽപട്ടിക പരിഷ്കരിക്കാൻ ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ നിർദേശം ലഭിച്ചിട്ടുള്ളതാണ്. 2009 മാർച്ച് മാസം 30-)ഠതീയതിയിലെ ജി. ഒ. എം. എസ്.) നമ്പർ 39 / 2009 / ആഭ്യന്തരം പ്രകാരം നിയമിതരായ (i)ശ്രീ ബാബു കെ., ശ്രീ കൗസർ എടപ്പകത്ത്, ശ്രീ ബദറുദ്ദീൻ എ. എന്നിവരെ 21-5-2019 -)ഠ തീയതി, അതായതു അവർ അധികാരം ഏറ്റെടുത്ത തീയതി മുതൽ, സർവീസ് തുടരാനനുവദിക്കുന്നതിനും, (ii) കേരള ഹയർ ജുഡീഷ്യൽ സർവീസിൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജിയായി ശ്രീ. ജയചന്ദ്രൻ സി. യെ, അദ്ദേഹം അധികാരം ഏറ്റെടുക്കുന്ന തീയതി മുതൽ നിയമിക്കുന്നതിനും, ആവശ്യമായ ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ മേൽപ്പറഞ്ഞ നിർദേശം കൂടുതലായി ആവശ്യപ്പെടുന്നു. ശ്രീമതി സുലേഖ എം. ശ്രീ ബാലകൃഷ്ണൻ കെ., ശ്രീമതി നസീറ എസ്. എന്നിവരുടെ നിയമനം അവർ എഴുത്തുപരീക്ഷയിൽ യോഗ്യത നേടാതിരുന്നതു-കൊണ്ടു റദ്ദാക്കാനും അപേക്ഷിച്ചിട്ടുള്ളതാണ്. തിരഞ്ഞെടുക്കൽ പട്ടികയിൽ ശുപാർശ ചെയ്തിട്ടുള്ള 4 ആളുകളിൽ നിന്നും ശ്രീ ബാബു കെ., ശ്രീ കൗസർ എടപ്പകത്ത്, ശ്രീ ബദറുദ്ദീൻ എ. എന്നിങ്ങനെ പേരുള്ളതായ മൂന്നുപേരെ 2009 മാർച്ച് 30 തീയതിയിലെ ജി. ഒ. എം. എസ്.) നമ്പർ 39 / 2009 / ആഭ്യന്തരം എന്ന വിജ്ഞാപന പ്രകാരം, മുൻപേ തന്നെ നിയമിച്ചിട്ടുള്ളതും, 2009 മാർച്ച് 30-)ഠ തീയതിയിലെ 704-)ഠനമ്പർ കേരള ഗസറ്റ് എക്സ്ട്രാ ഓർഡിനറിയിലെ എസ്.ആർ.ഒ.നമ്പർ:292/2009 ആയി പ്രസിദ്ധപ്പെടുത്തി-യിട്ടുള്ളതും, 22-12-2010-)ഠ തീയതിയിലെ ജി. ഒ. എം. എസ്.നമ്പർ: 280/2010/ആഭ്യന്തരം പ്രകാരം അവരെ സർവീസിൽ തുടരുന്നതിനു അനുവദിച്ചിട്ടുള്ളതും ആയതിനെ സംബന്ധിച്ചിടത്തോളം പുതിയ വിജ്ഞാപനം ആവശ്യമില്ലാത്തതുമാണ്. അതനുസരിച്ചു ശ്രീ ജയചന്ദ്രൻ സി. യെ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജിയായി നിയമിക്കപ്പെടേണ്ടതും, യോഗ്യത നേടിയിട്ടില്ലാത്ത മേൽപ്പറഞ്ഞ മറ്റു മൂന്നുപേരുടെ നിയമനം റദ്ദാക്കേണ്ടതുമാണ്.

9. അത്തരമൊരുത്തരവിനെ പിന്തുടർന്ന് ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജിയുടെ കേഡറിൽ അപ്പീൽവാദികൾ 2011 ഫെബ്രുവരി 24-)ഠ തീയതി ചേർന്നിട്ടുള്ളതുമാണ്.

10. നേരിട്ടുള്ള നിയമനത്തിനായുള്ള പരസ്യം പ്രസിദ്ധപ്പെടുത്തിയതിനുശേഷം, എന്നാൽ ബാറിൽനിന്നും നേരിട്ട് നിയമിക്കപ്പെടേണ്ട ഉദ്യോഗാർഥികളുടെ അവകാശവാദത്തിന് കോട്ടം വരുത്താതെ, 2007 മെയ് മാസം 29 -)ഠ തീയതിയിൽ ശ്രീ ജോൺ കെ. ഇല്ലിക്കാടൻ ഉൾപ്പെടെ മറ്റു ആറ് ഉദ്യോഗസ്ഥർക്ക് ട്രാൻസ്ഫർ വഴിയായി ഡിസ്ട്രിക്ട് ജഡ്ജിന്റെ കേഡറിലേക്കു സ്ഥാനക്കയറ്റം കിട്ടി. പിന്നീട്, 2007 ഏപ്രിൽ മാസം 16-)ഠ തീയതിയിലെ വിജ്ഞാപനത്തിലൂടെ, മുൻപേ തന്നെ നിലവിലുണ്ടായിരുന്ന നേരിട്ടുള്ള നിയമനക്കാരുടെ ഈ നിയമനങ്ങൾക്ക് കോട്ടം തട്ടാതെ വേണമെന്ന് സർക്കാർ ഉത്തരവിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ളതുകൊണ്ട്, 2008 മെയ്

മാസം 16-)൦ തീയതി ശ്രീമതി. കെ.പി. ഇന്ദിരയ്ക്കു ട്രാൻസ്ഫർ വഴിയായി സ്ഥാനക്കയറ്റം കൊടുത്തു. 2010 ജൂലൈ 2 ന്, 11 ഉം 12 ഉം എതിർകക്ഷികളായ ശ്രീ. മുഹമ്മദ് വസീമിനും ശ്രീമതി സോഫി തോമസിനും സ്ഥാനക്കയറ്റം ലഭിക്കുകയും, ഡിസ്ട്രിക്ട് ജഡ്ജിന്റെ കേഡറിൽ ട്രാൻസ്ഫർ വഴി നിയമനം നൽകുകയും ചെയ്തു. ഹൈക്കോടതിയുടെ മുന്പിലുണ്ടായിരുന്ന 21094/09, 25168/09, 23647/09, 20683/09, 25561/09, 25914/09 എന്നീ നമ്പറുകളിലെ ഡബ്ല്യൂ. പി. (സി). യുടെ ഫലത്തിനനുസൃതമായിരുന്നു അവരുടെ പ്രൊമോഷൻ. 2010 സെപ്റ്റംബർ മാസം 13-)൦ തീയതി വിധിച്ചതായ അപ്പീൽവാദി ഫയൽ ചെയ്തതായ റിട്ട് പെറ്റീഷനിൽ പാസ്സാക്കിയ ഉത്തരവിന്റെ വെളിച്ചത്തിൽ 2010 ഒക്ടോബർ മാസം 12-)൦ തീയതി അത്തരം റിട്ട് പെറ്റീഷനുകൾ തീർപ്പാക്കിയിട്ടുള്ളതാണ്.

11. 2010 ഡിസംബർ മാസം 9-)൦ തീയതി ഡിസ്ട്രിക്ട് ജഡ്ജിമാരുടെ കേഡറിലെ പരമാവധി ആളുകളുടെ എണ്ണം 99 ആയി ഹൈക്കോടതിയുടെ ഭരണ സമിതി തീരുമാനിച്ചു.

12. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം, സമാന തിരഞ്ഞെടുപ്പിലെ മറ്റു ഉദ്യോഗാർഥികളുടെ നിയമനത്തീയതി മുതൽ അതായത് 2009 മാർച്ച് മാസം 30-)൦ തീയതി മുതലുള്ള സാങ്കൽപ്പിക സീനിയോറിറ്റി ആവശ്യപ്പെട്ടുകൊണ്ട് അപ്പീൽവാദി 2012 ഏപ്രിൽ മാസം 11-)൦ തീയതി ഒരു നിവേദനം സമർപ്പിച്ചു. 2014 സെപ്റ്റംബർ മാസം 18-)൦ തീയതി അപ്പീൽവാദി ഒരു റിമൈന്ററും സമർപ്പിച്ചു.

13. സബ്ജഡ്ജിമാർ / ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്എന്നിവരിൽനിന്നും ട്രാൻസ്ഫർ മുഖാന്തിരം നിയമിതരായ ഡിസ്ട്രിക്ട് ജഡ്ജിമാർക്ക് മീതെ സീനിയോറിറ്റി ആവശ്യപ്പെട്ടുകൊണ്ടു ബഹറുദ്ദീനും അപ്പീൽവാദിക്കും ഉൾപ്പെടെയുള്ള നാല് നേരിട്ടുള്ള നിയമനക്കാരുടെ നിവേദനം പരിഗണിക്കുന്നതിന്, ട്രാൻസ്ഫർ വഴി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക്, ഹൈക്കോടതി 2016 ജൂലൈ മാസം 2-)൦ തീയതി നോട്ടീസ് അയച്ചു. 24 തസ്തികകൾ നേരിട്ടുള്ള നിയമനം വഴി നികത്താനിരിക്കെ, എന്നാൽ 18 ഉദ്യോഗസ്ഥന്മാർ മാത്രം ഡിസ്ട്രിക്ട് ജഡ്ജിമാരുടെ തസ്തികയിലുണ്ടായിരുന്ന സമയത്ത്, ഡിസ്ട്രിക്ട് ജഡ്ജിമാരുടെ കേഡ്ഡറിലെ പരമാവധി എണ്ണം 96 ആയിരുന്നുവെന്ന് ഭരണ സമിതി 2017 ഒക്ടോബർ മാസം 19-)൦ തീയതി നടത്തിയ അവരുടെ യോഗത്തിൽ കണ്ടെത്തിയിട്ടുള്ളതാണ്. 2007 മെയ് മാസം 29-)൦ തീയതി സ്ഥാനക്കയറ്റം ലഭിച്ച ആറ് ഉദ്യോഗസ്ഥരുടെ ട്രാൻസ്ഫർ മുഖേനയുള്ള നിയമനം, നേരുള്ള നിയമനം തീർച്ചപ്പെടുത്തിയിട്ടില്ലാത്ത സമയത്തുണ്ടായിരുന്ന സർവീസിലെ അടിയന്തിരാവസ്ഥ കാരണമാണെന്നത് ഭരണ സമിതി ശ്രദ്ധിച്ചിട്ടുള്ളതാണ്. പി. കെ. ഹനീഫ വി. സ്റ്റേറ്റ് ഓഫ് കേരളയിൽ[2] ടി കോടതിയുടെ മുഴുവൻ അംഗ ബെഞ്ച് വിധിന്യായത്തിനായി ഭരണ സമിതി പരാമർശിച്ചിട്ടുള്ളതാണ്. ക്വാട്ടയ്ക്കതീതമായി നിയമിക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ ക്വാട്ടയ്ക്കകത്തുള്ള ലഭ്യമായ ഒഴിവുകളിന്മേൽ അത്തരം ഉദ്യോഗസ്ഥരെ ക്രമപ്പെടുത്തിയ തീയതി മുതൽ സീനിയോറിറ്റിക്കു അർഹതയുണ്ടെന്ന് ഹനീഫയുടെ വിധിന്യായപ്രകാരം ഭരണ സമിതി കണ്ടെത്തിയിട്ടുള്ളതാണ്.

.

14. ഭരണ സമിതിയുടെ ഉത്തരവിനോടനുബന്ധിച്ചു, ക്രമനമ്പർ 18 ൽ അപ്പീൽവാദിക്കും, ക്രമനമ്പർ 19 ൽ ബഹറുദ്ദീനും, ക്രമനമ്പർ 21 ൽ ശ്രീ. ജോൺ ഇല്ലിക്കാടനും,, ക്രമനമ്പർ 22 ൽ ശ്രീ

2 2012 (4) കെ എൽ ജെ 673 (എഫ് ബി )

ഇന്ദിരക്കും, ക്രമനമ്പർ 28 ൽ മുഹമ്മദ് വസീമിനും, ക്രമനമ്പർ 30 ൽ ശ്രീമതി സോഫി തോമസിനും സീനിയോറിറ്റി നൽകികൊണ്ട് 2017 ഒക്ടോബർ മാസം 26-)ം തീയതി ഹൈക്കോടതി ഒരു ഓഫീസ് മെമ്മോറണ്ടം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

15. ശ്രീമതി സോഫി തോമസും മുഹമ്മദ് വസീമും യഥാക്രമം 2017 ലെ 40043 ഉം 2017 ലെ 40069 ഉം നമ്പറുകളിലെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തപ്പോൾ ശ്രീ ജോൺ കെ. ഇല്ലിക്കാടനും ശ്രീമതി കെ.പി. ഇന്ദിരയും 2017 ലെ 40046 നമ്പരായുള്ള റിട്ട് പെറ്റീഷൻ (സി) യിലൂടെ ഹൈക്കോടതിയുടെ അത്തരം തീരുമാനത്തെ എതിർത്തിട്ടുള്ളതാണ്. ഹൈക്കോടതി അതിന്റെ എതിർസത്യവാങ്മൂലത്തിൽ താഴെ പറയും പ്രകാരമുള്ള നിലപാട് എടുത്തിട്ടുള്ളതാണ്:

> "12. 29-8-2006 ൽ നടന്ന എക്സിബിറ്റ് (ആർ2 (എഫ്) യോഗപ്രകാരം 1-)ം നമ്പർ ഹർജിക്കാരൻ ഉൾപ്പെടെയുള്ള ഡിസ്ട്രിക്ട് ജഡ്ജിമാരുടെ നിയമന പ്രക്രിയ തുടങ്ങാനുള്ള തീരുമാനം ഭരണ സമിതി എടുത്തിട്ടുള്ളതാണ്. 31-07-2006 ൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജിമാരുടെ കേഡറിലെ പരമാവധി ആളുകളുടെ എണ്ണം 96 ആയിരുന്നു. 24 പേരടങ്ങുന്ന അവരുടെ ക്വാട്ടയ്ക്കെതിരെ 18 നേരിട്ടുള്ള നിയമനക്കാർ മാത്രമേ സർവീസിൽ ആ സമയം ഉണ്ടായിരുന്നുള്ളൂ. 72 പേരടങ്ങുന്ന അവരുടെ ക്വാട്ടയ്ക്കെതിരെ 126 പ്രോമോട്ടീ ഡിസ്ട്രിക്ട് ജഡ്ജിമാരേ സർവീസിലുണ്ടായിരുന്നുള്ളൂ. ആയതിനാൽ അവരുടെ ക്വാട്ടക്കു പുറത്ത് ആകെ 54 പ്രോമോട്ടീകൾ മാത്രമേ സർവീസിലുണ്ടായിരുന്നുള്ളൂ. പ്രൊമോഷനുവേണ്ടി നിശ്ചയിച്ചിരുന്ന ക്വാട്ടയ്ക്കു പുറത്ത് നേരിട്ടുള്ള നിയമനക്കാർക്ക് നീക്കിവച്ചിരുന്ന ക്വാട്ടയിലാണ് ഡബ്ല്യൂ. പി. (സി.) നമ്പർ. 40046/ 2017 ലെ 1-)ം ഹർജിക്കാരനെ നിയമിച്ചിട്ടുള്ളതെന്ന്, 29-8-2006 തീയതിയിലെ ഭരണ സമിതിയുടെ പ്രമേയവും, 29-05-2007 തീയതിയിലെ സർക്കാർ ഉത്തരവും വ്യക്തമാക്കുന്നു. ട്രാൻസ്ഫർ മുഖേനയുള്ള നിയമനത്തിനായി ഉറപ്പിച്ചിരുന്ന ക്വാട്ടയ്ക്കു പുറത്ത്, ശുദ്ധമായും താൽക്കാലികാടിസ്ഥാനത്തിലാണ് 2- )ംഹർജിക്കാരി കെ. പി. ഇന്ദിരയെ നിയമിച്ചതെന്ന് ഭരണ സമിതിയുടെ 21-2-2008 തീയതിയിലെ തീരുമാനത്തിൽ വീണ്ടും വ്യക്തമായി പറയുന്നു. കൂടുതലായി, കേരള സ്റ്റേറ്റ് ഹയർ ജുഡീഷ്യൽ സർവീസിലെ പ്രത്യേക നിയമത്തിലെ 2 (ബി)-)ം ചട്ടത്തിന് കീഴിലുള്ള വകുപ്പുകളനുസരിച്ച് ബാറിൽ നിന്നും നേരിട്ട് നിയമിക്കപ്പെടുന്ന ഉദ്യോഗാർഥികളുടെ അവകാവശങ്ങൾക്കു കോട്ടം തട്ടാതെ വേണം നിയമനങ്ങൾ നടത്തേണ്ടതെന്ന് ഹർജിക്കാരെ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളിൽ, വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. നേരിട്ടുള്ള നിയമനക്കാരുടെ ക്വാട്ടയിലുള്ളതും ക്വാട്ടയ്ക്കു പുറത്തു പ്രൊമോഷനുവേണ്ടി നിശ്ചയിച്ചതുമായ തസ്തികകളിന്മേലും, ഹർജിക്കാർ നൽകിയതായ സേവന കാലയളവ്, ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജ് വിഭാഗത്തിലെ സീനിയോറിറ്റി തീരുമാനിക്കുന്ന കാര്യത്തിൽ കണക്കിലാക്കാനാകില്ല. ക്വാട്ടയ്ക്കകത്തു യഥാർത്ഥ നിയമനപ്രകാരമുള്ള സേവനമനുസരിച്ച് മാത്രമേ സീനിയോറിറ്റിയുടെ കാര്യത്തിൽ കണക്കാക്കുകയുള്ളൂ
>
> xx xx xx
>
> 24. ഈ കോടതിയുടെ ഡബ്ല്യൂ. പി. (സി.) നമ്പർ:16206/2010 ലെ വിധിക്കനുസൃതമായി തിരഞ്ഞെടുക്കൽ പട്ടിക പരിഷ്കരിച്ചപ്പോൾ ടിയാന്റെ പേര് യോഗ്യത പട്ടികയിൽ 3-)ം റാങ്കായി ഉൾപ്പെടുത്തിയിരുന്നതാണ്. ശ്രീ സി. ജയചന്ദ്രന്റെ കൂടുതലായുള്ള ആവശ്യം അദ്ദേഹത്തിന്റ അഭിപ്രായത്തിൽ യോഗ്യത പട്ടികയിൽ അദ്ദേഹത്തിന് നൽകിയ റാങ്ക് അനുസരിച്ചു ഓപ്പൺ മെറിറ്റ് ഉദ്യോഗാർത്ഥികൾക്കായി കരുതിവച്ചിരുന്ന 41-)ം സ്ഥാനത്തേക്കാണ് അദ്ദേഹം നിയമിതനായെന്നും, 41-)ം സ്ഥാനത്തു നിയമിതനായിരുന്ന ശ്രീ. ബദറുദ്ദീൻ എ. യെ പുറന്തള്ളി ഒ.ബി.സി. ഉദ്യോഗാർത്ഥികൾക്കായി നീക്കിവച്ചിരുന്ന സംവരണ ഒഴിവായ 42-)ം സ്ഥാനത്തേക്ക് ചേർത്തിട്ടുള്ളതുമാണ്.

16. 2019 ജനുവരി 8-)ം തീയതി ഹൈക്കോടതിയെ വിവരസ്ഥനായ ഏകാംഗ ബെഞ്ച് എല്ലാ റിട്ട് പെറ്റീഷനുകളും തള്ളിയിട്ടുള്ളതാണ്. ഹൈക്കോടതിയിലെ വിവരസ്ഥനായ ഏകാംഗ ബെഞ്ച് താഴെ പറയും പ്രകാരം വിധിച്ചിട്ടുള്ളതാണ്.

> "38. കേഡറിലെ പരമാവധി ആളുകളുടെ എണ്ണം 96 മാത്രമായിരുന്നപ്പോഴും, എക്സിബിറ്റ്

ആർ 2 (എഫ്) മിനിറ്റ്സിൽ അവശ്യം വേണ്ട നേരിട്ടുള്ള നിയമനക്കാരുടെ എണ്ണം 24 ആണെന്ന് കണ്ടെത്തിയപ്പോഴും, ഫാസ്റ്റ് ട്രാക്ക് കോടതികൾ തുടർന്നുകൊണ്ടു-പോകുന്നതുകൊണ്ടു പ്രോമോട്ടീസിന് തിരിച്ചുപോകൽ കൂടാതെ തന്നെ തുടർന്നുകൊണ്ട്പോകാമെന്ന വസ്തുത കൊണ്ടർത്ഥമാക്കുന്നത്, പ്രോമോട്ടീസിന് കേഡറിനകത്ത് ഒഴിവുകളുണ്ടെന്നല്ല. സുസമ്മതമായി, 2007 ലും 2008 ലും താൽക്കാലികാടിസ്ഥാനത്തിൽ, ജോൺ ഇല്ലിക്കാടനും, കെ.പി. ഇന്ദിരയും നിയമിതരായപ്പോഴും, നേരിട്ടുള്ള നിയമനക്കാരുടെ ക്ലെയിമിന് വിധേയമായി സോഫിയും മുഹമ്മദ് വസീമും ട്രാൻസ്ഫർ മുഖാന്തിരം 2010 ൽ മാത്രം നിയമിതരായപ്പോഴും, അവർക്കു മീതെ ഏതെങ്കിലുമൊരു റെഗുലർ നിയമനത്തിനുള്ള അവകാശം അവകാശപ്പെടാനാവില്ല. ആയതുകൊണ്ട്, അവരുടെ നിയമനങ്ങൾ വ്യവസ്ഥാനുസൃതമല്ല എന്ന കാരണത്താൽ അവർക്കു പ്രത്യേക അവകാശമോ വിശേഷാധികാരമോ ഉണ്ടായിരിക്കുകയില്ല.“

17. ഹൈക്കോടതിയുടെ വിവരസ്ഥനായ ഏകാംഗ ബെഞ്ച് പാസ്സാക്കിയ വിധിക്കെതിരെ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിൽ മൂന്നു ഇൻട്രാ കോടതി അപ്പീലുകൾ ഫയൽ ചെയ്യുകയും 2019 സെപ്റ്റംബർ മാസം 3-)o തീയതി അനുവദിച്ചുകൊണ്ട് ഉത്തരവ് വന്നിട്ടുള്ളതാണ്. ഹൈക്കോടതിയിലെ ഭരണ സമിതി, കേഡറിലെ ആളുകളുടെ പരമാവധി എണ്ണം 9 ആക്കി തീരുമാനമെടുത്തപ്പോൾ, 2015 നു മുന്പ് ഏതുസമയത്തും ചട്ടങ്ങൾ അത്യാവശ്യപ്പെടുന്നതുപോലെ, കേഡറിലെ പരമാവാധി ആളുകളുടെ എണ്ണം നിശ്ചയിക്കുന്നത് സർക്കാരല്ല എന്ന കാഴ്ചപ്പാടാണ് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് എടുത്തത്. 2008 ൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനു മുന്പ്, ചോദ്യം ചെയ്യപ്പെട്ട തിരഞ്ഞെടുപ്പിലെ, നേരിട്ടുള്ള നിയമനക്കാരെ നിയമിച്ചിരിക്കുന്നത്, ചട്ടങ്ങളിലെ (1) ഉം (2)ഉം വിഭാഗം സ്ഥിരം തസ്തികകളിലേക്കുള്ള മൂന്നിലൊന്നു ഭാഗം ക്വാട്ടയിലാണ്. നേരിട്ടുള്ള നിയമനക്കാർക്ക് ക്വാട്ടയുണ്ടെന്നും എന്നാൽ ട്രാൻസ്ഫർ മുഖേനയുള്ളവർക്ക് ക്വാട്ടയില്ലെന്നും താഴെ പറയും പ്രകാരം വിധിക്കുകയും ചെയ്യുന്നുവെന്നു ഹനീഫയിലെ വിധിന്യായത്തിലെ 49-)o ഖണ്ഡിക പരാമർശിച്ചുകൊണ്ട് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് വിധിച്ചിട്ടുള്ളതാണ്:

"24.......48-)o ഖണ്ഡികയിൽ മുഴുവൻ അംഗ ബെഞ്ച് അങ്ങനെ വിധിക്കുന്നു: "നേരിട്ടുള്ള നിയമനത്തിനുള്ള ക്വാട്ടയായി പ്രവർത്തിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണെന്നാണ് പ്രത്യേക ചട്ടങ്ങളിലെ 2 (ബി)-)o ചട്ടം ഞങ്ങൾ മുൻപേ തന്നെ വ്യാഖ്യാനം ചെയ്തിട്ടുള്ളതാണ്" (എസ്.ഐ.സി) ട്രാൻസ്ഫർ മുഖേനയുള്ള നിയമനക്കാർക്ക് ക്വാട്ടയില്ലെന്നുകൂടിയാണ് പ്രത്യേക ചട്ടങ്ങൾ കെ. എസ്. & എസ്. ആർ.നൊപ്പം വായിച്ചതനുസരിച്ച്, ഒരു അനുപാതവും ചേരുന്നതില്ലായെന്നുള്ളതായ ഒട്ടും ഉറപ്പില്ലാത്ത വാക്കുകളാൽ വ്യക്തമാക്കുന്നത്. നേരിട്ടുള്ള നിയമനക്കാരുടെ കാര്യത്തിൽ മാത്രമാണ് ക്വാട്ടയുടെ നിലനിൽപ്പ്, എന്ന പ്രധാനപ്പെട്ട കാര്യത്തിൽ ഞങ്ങളുടെ തീരുമാനം പ്രവർത്തനസജ്ജമാകുന്നതെന്നും, അനുപാതത്തിന്റെയും, ക്രമാനുസൃതമായ നിയമനത്തിന്റെയും (റോട്ടയുടെയും) അഭാവത്തിലും, പ്രത്യേക ചട്ടങ്ങളിലെ (1)ഉം (2)ഉം വിഭാഗത്തിലെ സ്ഥിര തസ്തികകളൊന്നിച്ചെടുത്താ-ലുള്ളതിലേക്ക് ആയതുംകൂടി ചുരുങ്ങുന്നതാണെന്നുമാണ്.

xx xx xx

30. പ്രത്യേക ചട്ടങ്ങളിൽ റോട്ട വ്യവസ്ഥകളൊന്നും അടങ്ങിയിട്ടില്ലായെന്നത്, ഹനീഫ പി. കെ. (സുപ്ര)യിലെ ഫുൾ ബെഞ്ചിന്റെ തീരുമാനത്തിലേക്ക് മടങ്ങി പോയാൽ, 22-)o ഖണ്ഡികയിൽ പ്രത്യേകമായി ശ്രദ്ധിച്ചിട്ടുള്ളതാണ്. ചട്ടങ്ങളിലെ പിന്നീടുള്ള ഭാഗത്തുള്ള നേരിട്ടുള്ള നിയമനക്കാരെ സംബന്ധിച്ചിടത്തോളം, ജോലിയുള്ളതായ എന്ന ഭാഷയിൽ നിന്ന്, പ്രത്യേക ചട്ടങ്ങളിൽ കാണുന്നതുപോലെ, രണ്ടു വിഭാഗത്തിലെയും മൂന്നിലൊന്നു ഭാഗം സ്ഥിര തസ്തികകളിലെയും ക്വാട്ട അസന്ദിഗ്ദമായതും ഉറപ്പായതുമാണെന്ന് പ്രത്യേക ചട്ടങ്ങളിലെ 2(ബി)-)o ചട്ടം പരിശോധിച്ചിട്ടുള്ളതിൽ വച്ച് വിധിച്ചിട്ടുള്ളതാണ്. ഫുൾ ബെഞ്ചിന്റെ പ്രസ്താവന ആ

വക്കിൽ മാത്രമാണെന്നും, ട്രാൻസ്ഫർ മുഖേനയുള്ള നിയമനങ്ങൾക്ക് പ്രത്യേക ക്വാട്ട പറഞ്ഞിട്ടുള്ളതായി കണ്ടെത്തുന്ന തരത്തിൽ കൂടുതലായി എടുക്കാൻ കഴിയില്ലെന്നും, "നേരിട്ടുള്ള നിയമനത്തിനും, സബോർഡിനേറ്റ് ജുഡീഷ്യറിയിൽ നിന്നും ട്രാൻസ്ഫർ മുഖേനയുള്ള നിയമനത്തിനും, പ്രത്യേക ക്വാട്ടകൾ ഒരിക്കൽ നിശ്ചയിച്ചുകഴിഞ്ഞാൽ, ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന അനുപാതം, കേഡറിലെ ആളുകളുടെ പരമാവധി എണ്ണത്തിന്റെ കാര്യത്തിൽ പാലിക്കണം" എന്ന് 62-)ം ഖണ്ഡികയിൽ പറയുന്നുവെന്നും ഞങ്ങൾ ഔചിത്യത്തോടെ ശ്രദ്ധിക്കുന്നുവെന്ന് കൂടിയാണ്. ഫുൾ ബെഞ്ച് അനുപാതമൊന്നും കണ്ടെത്തിയിട്ടില്ലായെന്നത് ഇവിടെ നമ്മൾ ശ്രദ്ധിക്കേണ്ടതാണെന്നും (1) ഉം (2)ഉം വിഭാഗം ഒരുമിച്ചെടുക്കുമ്പോളുള്ള സ്ഥിര തസ്തികകളിലെ നേരിട്ടുള്ള നിയമനത്തിന്, ക്വാട്ട ഉണ്ടാക്കിവയ്ക്കേണ്ടത് ഉറപ്പാക്കേണ്ടതിലേക്കാണ് തീരുമാനം നയിക്കുന്നതെന്ന് മാത്രമാണെന്നതുമാണ്.

xx xx xx

39 ..... ആ കേസിൽ കുറെ വർഷങ്ങളായി പ്രോമോട്ടീസ് തുടർന്നുകൊണ്ടിരുന്നു എന്ന പ്രത്യേക സാഹചര്യമുണ്ടായതായും ക്വാട്ട-റോട്ട ചട്ടത്തിന്റെ ലംഘനം ഉണ്ടായതുകാരണം തമ്മിൽ തമ്മിലുള്ള സീനിയോറിറ്റി തീരുമാനിക്കുന്നതിനായി ഉണ്ടായതായ ഒരു നീതിപൂർവ്വമായ തത്വം ഇവിടെ ലഭ്യമായില്ലയെന്നുമുള്ള വസ്തുതയെക്കുറിച്ച് ഞങ്ങൾ തികച്ചും ബോധവാന്മാരാണ്. എന്നിരുന്നാലും, അതായത് പ്രത്യേക ചട്ടങ്ങളുടെ കൂടെ കെ. എസ്. എസ്. ആർ. കൂട്ടി വായിച്ചാൽ, ചട്ടങ്ങൾ ഇവിടെയും നിൽക്കുന്നതുപോലെ അടിവരയിട്ട ഭാഗം ബാധകമാണ്."

18. ഇത്രയൊക്കെയായിട്ടും ട്രാൻസ്ഫർ മുഖേനയുള്ള നിയമനക്കാർക്ക് ക്വാട്ടയൊന്നും പറഞ്ഞിട്ടില്ലാത്തതിൽ ഭരണ സമിതിക്കു തെറ്റുപറ്റിയെന്നു ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് കൂടുതലായി പ്രസ്താവിച്ചു. ക്വാട്ട നേരിട്ടുള്ള നിയമനക്കാർക്കു മാത്രമാണെന്നും ഡിസ്ട്രിക്ട് ജഡ്ജിന്റെ കേഡറിലെ സ്ഥിര തസ്തികകളിലേക്ക് മാത്രമായി ചുരുങ്ങുന്നതുമാണ്. നേരിട്ടുള്ള നിയമനക്കാരെ ഉൾപ്പെടുത്തുന്നതിനായി തിരിച്ചു പോകൽ ഒന്നും തന്നെ ഉണ്ടായിട്ടുമില്ല. ക്വാട്ട ചട്ടത്തിന്റെ ലംഘനമില്ലെന്നും നേരിട്ടുള്ള നിയമനക്കാർക്ക് സീനിയോറിറ്റി നൽകുന്നതിനായി ഹനീഫയുടെ കേസ് യാന്ത്രികമായി ആശ്രയിക്കാൻ പറ്റില്ലായെന്നും കൂടി ഡിവിഷൻ ബെഞ്ച് വിധിച്ചിട്ടുള്ളതാണ്. കോടതി താഴെ പറയും പ്രകാരം വിധിച്ചു:

"43. ട്രാൻസ്ഫർ മുഖേന നിയമിതനായ ഉദ്യോഗസ്ഥർക്ക് ശേഷം സർവീസ് തുടങ്ങിയ നേരിട്ടുള്ള നിയമനക്കാർക്ക് പ്രോമോട്ടീസിന് മുകളിൽ സീനിയോറിറ്റിക്ക് അർഹതയുണ്ടോ എന്നതാണ് എക്സിബിറ്റ് പി2 ൽ എ. സി. എടുത്തു കാണിച്ച വിഷയം. ഹനീഫ പി. കെ. (സുപ്ര) യിലാണ് വിശ്വാസമർപ്പിച്ചിരിക്കുന്നതെന്നും ബഹുമാനപ്പെട്ട സുപ്രീം കോടതി പ്രത്യേക അവധി അപേക്ഷയിൽ ആയത് ശരി വച്ചിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുള്ളതുമാണ്. ക്വാട്ടയ്ക്കതീതമായി നിയമിക്കപ്പെട്ടവർക്ക്, അവരുടെ നിയമനത്തീയതി മുതൽ സീനിയോറിറ്റി ലഭിക്കുമോ എന്നത് ഫുൾ ബെഞ്ച് പരിഗണിച്ചുവെന്നും അപ്രകാരമുള്ള നിയമനക്കാർക്ക് ക്വാട്ടയ്ക്കകത്തുള്ള ഒഴിവുകളുമായി ക്രമീകരിച്ചാൽ മാത്രമേ നിയമന തീയതി മുതലുള്ള സീനിയോറിറ്റി ലഭിക്കുകയുള്ളൂയെന്ന് എ. സി. കണ്ടെത്തിയിട്ടുള്ളതാണ്. ട്രാൻസ്ഫർ മുഖേനയുള്ള നിയമനക്കാർക്ക് ക്വാട്ട പറഞ്ഞിട്ടില്ലാത്തതുകൊണ്ട് ഇവിടെ ഭരണ സമിതിക്കു തെറ്റ് പറ്റിയിരിക്കുന്നു. നമ്മൾ കണ്ടതുപോലെ നേരിട്ടുള്ള നിയമനക്കാർക്ക് മാത്രമാണ് ക്വാട്ടയുള്ളതെന്നും ഡിസ്ട്രിക്ട് ജഡ്ജിമാരുടെ കേഡറിലെ സ്ഥിര തസ്തികകളിലേക്ക് മാത്രമായി ചുരുങ്ങുന്നുവെന്നുമാണ്. ഇവിടെ മുകളിൽ നമ്മൾ വിവേചിച്ചറിഞ്ഞതായ, നേരിട്ടുള്ള നിയമനക്കാർ എന്ന വിഷയം ഉൾപ്പെടുത്തുന്നതിലേക്കായി തിരിച്ചു പോകലൊന്നും ഉണ്ടായിട്ടില്ലെന്നുള്ള ലഭ്യമായ വസ്തുതകളിന്മേൽ, ഹനീഫാ പി.കെ. യുടെ ഫുൾ ബെഞ്ച് വിധിന്യായം വിശദമായി ഉദ്ധരിച്ചിട്ടുള്ളതാണ്. തിരിച്ചു പോക്ക് നടന്നിട്ടില്ലാത്തതിനാലും, 30-3-09 ൽ അങ്ങനെ നിയമിതരായ നേരിട്ടുള്ള ആറ് നിയമനക്കാരും വിഭാഗത്തിലെ പൂർവ്വ നിയമങ്ങളൊന്നിനെയും ബാധിക്കാതെയാണ് നിയമിച്ചിട്ടുള്ളത് എന്നതിനാലും,

തെറ്റായിട്ടാണെങ്കിലും, ട്രാൻസ്ഫർ മുഖേനയുള്ള നിയമനക്കാരെ നേരിട്ടുള്ള നിയമനക്കാർക്കുള്ള ക്വാട്ടയിൽ നിയമിച്ചതായി എ. സി. അപ്പോൾ കണ്ടെത്തി. ക്വാട്ടയുടെ തകർച്ചാവിഷയം കണക്കിലെടുക്കുമ്പോൾ ടി വിഷയം 1-11-2012 തീയതി വച്ച് ഹനീഫ പി. കെ. യിലുള്ള വിധിന്യായത്തിൽ ഉൾക്കൊള്ളുന്നുവെന്നും, സർക്കാരിന്റെ (ഹൈക്കോടതി എന്ന് വായിക്കുക) ഭാഗത്തുനിന്നും മനപ്പൂർവ്വമായ നിഷ്ക്രിയത്വം അല്ലെങ്കിൽ ജഡത്വം, തസ്തികകളിലേക്ക് ദിനംപ്രതി നിയമനം നടത്തുന്നതിൽ ഉണ്ടായിട്ടില്ലെന്നും എ. സി. കണ്ടെത്തിയിട്ടുള്ളതാണ്. ഞങ്ങളുടെ അഭിപ്രായത്തിൽ, 2001-)ാ വർഷം നിയമിതരായ , ബാറിൽ നിന്നുമുള്ള ഡിസ്ട്രിക്ട് ജഡ്ജിമാരുടെ തിരഞ്ഞെടുപ്പിന്റെ വസ്തുതകൾ ഹനീഫാ പി. കെ പരിഗണിച്ചിട്ടുള്ളതും, സ്ഥിരം തസ്തികയിലേക്ക് പ്രധാനപ്പെട്ടതായ പ്രത്യേക ചട്ടങ്ങളിൽ നേരിട്ടുള്ള നിയമനക്കാർക്ക് ഒരു നിശ്ചിത ക്വാട്ട ലഭ്യമായിട്ടുണ്ടെന്നുള്ളതുമാണ് പ്രസ്താവനയെന്നുമാണ്. ക്വാട്ട നിയമത്തിന്റെ യാതൊരു തകർച്ചയും ഞങ്ങൾ കാണുന്നില്ല, എന്നാൽ നേരിട്ടുള്ള നിയമനക്കാർക്കു സീനിയോറിറ്റി യാന്ത്രികമായി നൽകുന്നതിൽ ഫുൾ ബെഞ്ചിനെ ആശ്രയിക്കാൻ കഴിയില്ല. എല്ലാത്തിനും തുല്യമായി, ട്രാൻസ്ഫർ മുഖേനയുള്ള നിയമനം നടത്തിയിരിക്കുന്നത് നേരിട്ടുള്ള നിയമനക്കാരായ ഡിസ്ട്രിക്ട് ജഡ്ജിമാർക്ക് ലഭ്യമായ ക്വാട്ടയിലേക്കാണ് എന്നുള്ളതായ കണ്ടുപിടുത്തം അനുകൂലിക്കാവുന്നതല്ല. നേരിട്ടുള്ള നിയമനക്കാർ സർവീസിലേക്ക് വന്ന സമയത്ത്, ടി സമയത്തെ നേരിട്ടുള്ള നിയമനക്കാരോടുകൂടെ, ട്രാൻസ്ഫർ മുഖേനയുള്ള നിയമനക്കാരെയും കൂടി ഉൾപ്പെടുത്താൻ തക്കതായ ഒഴിവുകൾ കേഡറിലുണ്ടായിരുന്നു. നേരിട്ടുള്ള നിയമനക്കാരെ ഉൾപ്പെടുത്തുവാൻ തക്കതായ അവശ്യം വേണ്ട സ്ഥിരം ഒഴിവുകൾ ലഭ്യമായിരുന്നുവെന്നും ട്രാൻസ്ഫർ മുഖേനയുള്ള ഒരു നിയമനക്കാരും അത്തരം സ്ഥിര തസ്തികകളിൽ ഇരിക്കുന്നില്ലായെന്നും ഇത് ധാരാളമായി പ്രകടമാക്കുന്നു. ആയതിനാൽ എ.സി.യുടെ തീരുമാനം ഉയർത്തിപ്പിടിക്കുവാൻ തക്ക കാരണങ്ങളൊന്നും ഞങ്ങൾ കണ്ടെത്തിയില്ല.

xx xx xx

19. നേരിട്ടുള്ള നിയമനക്കാരും ട്രാൻസ്ഫർ മുഖേന നിയമിക്കപ്പെട്ടവരും തമ്മിലുള്ള തർക്കം തീരുമാനിക്കാൻ ഭരണ സമിതിക്കു അധികാരമില്ലെന്ന് ഹൈക്കോടതി വീണ്ടും വിധിച്ചു. 1986 ജൂൺ 12 ന് നടന്ന ജഡ്ജിമാരുടെ യോഗത്തിന്റെ മിനിറ്റ്സിൽ സീനിയോറിറ്റി തർക്കം ഭരണ സമിതിക്കു നൽകിയിട്ടില്ലെന്നു കണ്ടെത്തിയിട്ടുള്ളതാണ്. ഇനി പറയുന്ന പ്രകാരം വായിക്കുന്ന ക്ലോസ് II ലെ ഐറ്റം നമ്പർ 5 നെ ഹൈക്കോടതി പരാമർശിക്കുന്നു:

"II (5) സർവീസ് പ്രശ്നങ്ങളെ സംബന്ധിച്ച് ജുഡീഷ്യൽ ഓഫീസർമാരിൽ നിന്നുള്ള നിവേദനം."

20. തമ്മിൽതമ്മിലുള്ള സീനിയോറിറ്റി തർക്കങ്ങൾ നിസ്സാരവൽക്കരിക്കാനാവില്ലെന്നും മുഴുവൻ അംഗ ബെഞ്ച് കോടതി തീരുമാനിക്കേണ്ടതുമുണ്ടെന്ന് വിധിച്ചു. ഡിവിഷൻ ബെഞ്ച് ചുവടെ പറയുന്നത്പോലെ വിധിച്ചു:

48. ... സീനിയോറിറ്റി വിഷയം സേവന പ്രശ്നം എന്ന് അക്ഷരാർത്ഥത്തിൽ പറയാമെങ്കിലും, കേവലം സേവന പ്രശ്നമായി എ. സി. ക്കു തിരുമാനിക്കുവാൻ വേണ്ടി ഏൽപ്പിച്ചു കൊടുക്കുകയാണ് ഉദ്ദേശ്യം എന്ന് ഞങ്ങൾ കരുതുന്നില്ല. അക്ഷരാർത്ഥത്തിൽ പ്രശ്നമാണെങ്കിലും, തമ്മിൽ തമ്മിലുള്ള സീനിയോറിറ്റി തർക്കങ്ങൾ നിസ്സാരവൽക്കരിക്കാനാവില്ലെന്നും, ഏതിനാണോ ഒരു അവകാശവാദ-മുന്നയിക്കലും, ബാധിക്കപ്പെട്ട കക്ഷികളെ കേൾക്കലും, ന്യായവിധിയും ആവശ്യമുള്ളത്; ലഭ്യമായ ചട്ടങ്ങളുടെയും, വ്യക്തമായ വസ്തുതകളുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള നിയമ തത്വങ്ങളിന്മേൽ പരീക്ഷിച്ചു, ആയത് നിർണ്ണയത്തിനായി വരുന്നു എന്നുമാണ്. സേവന പ്രശ്നങ്ങൾ അനവധിയും വൈവിധ്യവുമാർന്നതുമാ-യിരിക്കുമെന്നും, ഒരു ജുഡീഷ്യൽ ഓഫീസർ ഒരു പരാതി ഉന്നയിക്കുമ്പോൾ എല്ലാ കാരണങ്ങളാലും ഫുൾ കോടതി വിളിച്ചു ചേർക്കുന്നത് ബുദ്ധിമുട്ടാണ്, ആവശ്യവുമില്ല എന്നുമാണ്. ഈ അധികാരമാണ് എ. സി. ക്കു പ്രത്യേകമായി നൽകിയിരിക്കുന്നത്, എന്നാൽ ആർട്ടിക്കിൾ 233 പ്രകാരം ഗവർണർക്ക് കൊടുക്കുന്ന ഫുൾ കോടതിയുടെ ശുപാർശകളിന്മേലുള്ള ഇടപെടലിൽ കലാശിക്കുകയില്ല. ഒരു

സീനിയോറിറ്റി തർക്കം അങ്ങനെ തീർപ്പുകൽപ്പിക്കാനുള്ള അധികാരം ഇല്ലാതെയും, ആയതു മാതൃകാപരമായി ഫുൾ കോടതിക്കു മുൻപാകെ വയ്ക്കേണ്ടിവന്നതുമായ എ. സി. യെ നമുക്ക് കണ്ടെത്താനാകും. എന്തിലാണോ തീരുമാനമെടുക്കാതെ വിടുന്നത് അനുചിതമായിരിക്കുന്നത്, അത്തരം കാര്യങ്ങളിലുള്ള ഭാവി മാർഗ്ഗനിർദ്ദേശത്തിനായി മാത്രമാണ്, അപ്പീലുകളിൽ ഉന്നയിച്ചതായ ടി ചോദ്യങ്ങൾക്ക് ഞങ്ങൾ മറുപടി പറഞ്ഞത്. എ. സി. യുടെ തീരുമാനം നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് മുൻപേ തന്നെ വിധിച്ചിട്ടുള്ളതാണ്; ടി വിഷയം തീരുമാനിക്കാൻ അധികാരമില്ലാത്ത എ. സി. യെ ഞങ്ങൾ കണ്ടെത്തി."

21. അപ്പീൽവാദിക്കു സീനിയോറിറ്റി നൽകുന്നത് കൈകാര്യം ചെയ്യുമ്പോൾ, അപ്പീൽവാദി സമർപ്പിച്ച റിട്ട് ഹർജിയിലെ ഉത്തരവിലെ, തിരഞ്ഞെടുക്കൽ പട്ടിക വീണ്ടും പരിഷ്കരിക്കാനുള്ള നിർദേശം, ഏതൊരു വ്യക്തിയെയാണോ പുതുതായി തിരഞ്ഞെടുത്തത്, ടിയാനാണ് യഥാർത്ഥ തിരഞ്ഞെടുപ്പ് തീയതി വച്ച് സീനിയോറിറ്റി നൽകേണ്ടത് എന്നതിനുള്ള മതിയായ സൂചനയാണെന്ന് വിധിച്ചിട്ടുള്ളതാണ്. അയാളുടെ നിയമനം വൈകിയത് അപ്പീൽവാദിയുടെ തെറ്റുകൊണ്ടല്ല എന്നത് രണ്ടംഗ ബെഞ്ച് കൂടുതലായിശ്രദ്ധിച്ചിട്ടുള്ളതാണ്.

22. നേരത്തെ നിയമിച്ചവരിൽ ഒരാളായ ബദറുദ്ദീനെ നാലാം സ്ഥാനത്തേക്ക് മാറ്റിയപ്പോൾ, നേരത്തെ നിയമിതരായ ബാബു, കൗസർ എന്നിവർക്ക് ശേഷമുള്ള മൂന്നാം റാങ്ക് അപ്പീൽവാദിക്കുണ്ടെങ്കിലും, അദ്ദേഹം ചുമതലയേറ്റ ദിവസം മുതൽ അപ്പീൽ വാദിയെ നിയമിച്ചുവെന്ന് ഡിവിഷൻ ബെഞ്ച് വിധിച്ചു. അദ്ദേഹം ചുമതലകൾ നിറവേറ്റാതെ മടങ്ങിയ ടി കാലയളവിൽ ശമ്പളത്തിനും അലവൻസുകൾക്കുമായി ഒരു അവകാശവാദവും അദ്ദേഹത്തിന് ഉണ്ടാകില്ലെങ്കിലും, മറ്റുള്ളവരെ നിയമിച്ച തീയതി മുതൽ അപ്പീൽവാദിക്കു സാങ്കൽപ്പിക സീനിയോറിറ്റി നൽകേണ്ടതായിരുന്നുവെന്നു വീണ്ടും വിധിച്ചു, എന്നാൽ മറ്റ് മൂന്ന് പേരെ അവർ ചേർന്ന തീയതി മുതൽ തുടരാൻ അനുവദിച്ചപ്പോൾ, 2011 ഫെബ്രുവരി 24 ന് അപ്പീൽവാദി ചുമതലയേറ്റുവെന്നും 2010 ഡിസംബർ 22 ലെ സർക്കാർ ഉത്തരവ് പിന്തുടർന്ന് പരിഭ്രാന്തനാകാതെ അദ്ദേഹം ചേർന്നുവെന്നും അത്തരമുള്ള കണ്ടെത്തലുകൾ മടക്കികൊണ്ട് ഡിവിഷൻ ബെഞ്ച് കണ്ടെത്തി. അതിനാൽ, അപ്പീൽവാദി തന്റെ സാങ്കൽപ്പിക സീനിയോറിറ്റിയുടെ അവകാശം വേണ്ടെന്നു വച്ചു. ചാർജ് ഏറ്റെടുക്കുന്ന തീയതി 2009 മാർച്ച് 30 ആയി അവകാശപ്പെടുന്നതിനായി അപ്പീൽവാദിക്കു ഒരു കോടതിയലക്ഷ്യ ഹർജിയോ പുതിയ റിട്ട് ഹർജിയോ സമർപ്പിക്കാമായിരുന്നു. മുഹമ്മദ് വസീമും സോഫി തോമസും അപ്പീൽവാദിയുടെ സീനിയറായി തുടർന്നപ്പോൾ, 2012 ഏപ്രിൽ 11 ന്, 1 വർഷത്തിൽ കൂടുതൽ കഴിഞ്ഞു, അപ്പീൽവാദി ഒരു നിവേദനവും; 2014 സെപ്റ്റംബർ 18 ന്, അതായത് 3½ വർഷത്തിൽ കൂടുതൽ കഴിഞ്ഞു, ഒരു ഓർമ്മപ്പെടുത്തൽ നിവേദനവും, സമർപ്പിക്കുകയും ചെയ്തതായി വീണ്ടും കണ്ടെത്തി. അപ്പീൽ വാദി അദ്ദേഹത്തിന്റെ അവകാശങ്ങൾക്കു മീതെ കിടന്നുറങ്ങിയെന്നും, ട്രാൻസ്ഫർ മുഖേന നിയമിതരായവരെ സീനിയോറിറ്റിയുമായി തുടരുവാൻ അനുവദിച്ചുവെന്നും വിധിച്ചിട്ടുള്ളതാണ്. ഏതു ഉത്തരവിലാണോ തർക്കം ഉന്നയിച്ചിട്ടില്ലാത്തത്; അപ്പീൽ വാദികൾക്ക് മുൻപുതന്നെ മുഹമ്മദ് വസീമിനും സോഫി തോമസിനും സെലക്ഷൻ ഗ്രേഡ് അനുവദിച്ചു എന്നും കണ്ടെത്തി. അങ്ങനെ, പ്രൊമോട്ടീസിന്റെ നിക്ഷിപ്ത അവകാശങ്ങളിൽ ഇടപെട്ടുകൊണ്ടു, ഏതിലാണോ ഹൈക്കോടതി വളരെ വൈകി പ്രതികരിച്ചത്, അപ്പീൽവാദി തന്റെ അവകാശങ്ങളുടെ മീതെ ഉറങ്ങുകയും, വിശ്രമിക്കുകയും സ്മാരകങ്ങളുമായി പൊരുതുകയും ചെയ്തുവെന്ന് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് നിഗമനത്തിലെത്തിയിട്ടുള്ളതുമാണ്. ട്രാൻസ്ഫർ മുഖേനയുള്ള നിയമനക്കാർ അവരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തുടരുകയും,

കേഡറുകളിൽ കൂടുതൽ പ്രൊമോഷനുകൾ നേടുകയും ചെയ്തു.

:23. വീണ്ടുമുള്ള പ്രമോഷനുകളുടെ കാലതാമസമാണ് അപ്പീൽ വാദികളുടെ സീനിയോറിറ്റിക്കായുള്ള അവകാശവാദം ഡിവിഷൻബെഞ്ച് നിരസിക്കാൻ കാരണമാക്കിയത്. ഹൈക്കോടതിക്കും ഈ കോടതിക്കും മുമ്പാകെ അപ്പീൽവാദി തന്റെ അവകാശങ്ങൾക്കായി ധീരമായി പോരാടിയെന്നും ബെഞ്ച് അഭിപ്രായപ്പെട്ടു. സാധാരണഗതിയിൽ, അതേ തിരഞ്ഞെടുപ്പിലെ മറ്റ് നേരിട്ടുള്ള നിയമനക്കാർ നിയമിക്കപ്പെട്ടതായ അതേ തീയതിയിൽ അദ്ദേഹത്തെ നിയമിച്ചതായി പരിഗണിക്കാൻ ഹൈക്കോടതി അനുവദിക്കുമായിരുന്നു; പക്ഷേ കാലതാമസം. ഹൈക്കോടതി ചുവടെ പറയും പ്രകാരം വിധിച്ചു:

> "58. നിലവിലെ കേസിലും സമാനമായ ഒരു സാഹചര്യം ഉടലെടുക്കുന്നു. ജയചന്ദ്രന് മുൻപ് തന്നെ സോഫി തോമസിനെയും മുഹമ്മദ് വസീമിനെയും നിയമിച്ചു. രണ്ടു നിയമന ഉത്തരവുകളിലും, നേരിട്ടുള്ള നിയമനത്തിന് വിധേയമാണ് എന്ന ഒരു നിബന്ധന അടങ്ങിയിട്ടില്ല എന്നത് പ്രസക്തമാണ്. എന്നിരുന്നാലും, ഞങ്ങൾ നേരത്തെ പ്രസ്താവിച്ചതുപോലെ, ജയചന്ദ്രന്റെ നിയമനം അദ്ദേഹത്തിന്റെ തെറ്റ് കാരണം വൈകിയതല്ല. അദ്ദേഹം ഈ കോടതിയുടെയും, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും മുമ്പിൽ അദ്ദേഹത്തിന്റെ അവകാശങ്ങൾക്കുവേണ്ടി ധീരമായി പോരാടുകയും അദ്ദേഹത്തിന് അനുകൂലമായി ഒരു തീരുമാനം നേടിയിട്ടുള്ളതുമാണ്. സാധാരണഗതിയിൽ, അതേ തിരഞ്ഞെടുപ്പിലെ, മറ്റ് നേരിട്ടുള്ള നിയമനക്കാർ നിയമിക്കപ്പെട്ടതായ അതേ തീയതിയിൽ, അദ്ദേഹത്തെ നിയമിച്ചതായി പരിഗണിക്കാൻ ഞങ്ങൾ അനുവദിക്കുമായിരുന്നു; പക്ഷേ കാലതാമസം. ജയചന്ദ്രന്റെ നിയമന ഉത്തരവ് 22.12.2010 നു ആയിരുന്നുവെന്നും, 24.02.2011 ന് അദ്ദേഹം ചുമതലയേറ്റുവെന്നുമാണ്. പ്രത്യേക നിയമങ്ങളിലെ 6-)ാ ചട്ടം അനുസരിച്ച്, അദേഹത്തിന്റെ നിയമനം അദ്ദേഹം ചുമതലയേൽക്കുന്ന തീയതി മുതൽ ആയിരിക്കും എന്ന്, നേരത്തെ വായിച്ചതുപോലെ, നിയമന ഉത്തരവിൽ പ്രത്യേകമായി നൽകിയിട്ടുണ്ട്. മുൻപുള്ള രണ്ട് പേർ പിന്നീടുള്ളവരുടെ സീനിയേഴ്സ് ആയികൊണ്ട് മുഹമ്മദ് വസീമും , സോഫി തോമസും , ജയചന്ദ്രനും സേവനത്തിൽ തുടർന്നു.
>
> 59. ഞങ്ങൾ കണ്ടെത്തിയപോലെ, ഡിവിഷൻ ബെഞ്ച് ജയചന്ദ്രന് അനുകൂലമായി തിരഞ്ഞെടുക്കൽ പ ട്ടിക പരിഷ്കരിക്കാൻ നിർദേശിച്ചപ്പോൾ, തെരഞ്ഞെടുപ്പിന് ശേഷം മറ്റുള്ളവരെ നിയമിച്ചതായ തീയതി മുതൽ സങ്കല്പികമായെങ്കിലും അദ്ദേഹത്തിന് നിയമനം നല്കേണ്ടതായിരുന്നു. എന്നാൽ, ജയചന്ദ്രനെ നിയമിച്ചതായ ഉത്തരവ് മറ്റൊരു തരത്തിൽ പറഞ്ഞു. അദ്ദേഹം ചെയ്യാതിരുന്നതായിരുന്ന, ഉചിതമായ നടപടികൾ അദേഹം സ്വീകരിക്കേണ്ടതായിരുന്നു. അദ്ദേഹം എതിർവാദമൊന്നും ഉന്നയിക്കാതെ തന്റെ അവകാശങ്ങൾക്കു മീതെ കിടന്നുറങ്ങുകയും 1-4-2012 തീയതിലൊരു നിവേദനവും നൽകുകയും ഉണ്ടായി.ഹൈക്കോടതി അതിന്മേൽ നടപടിയൊന്നും എടുത്തുമില്ല; ജയചന്ദ്രൻ അദ്ദേഹത്തിന്റെ ആവലാതിയുമായി ഒരു കോടതിയേയും സമീപിച്ചതുമില്ല."

24. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഇങ്ങനെ ഉപസംഹരിച്ചു:

> "64. .......അദ്ദേഹം ചുമതല ഏൽക്കുന്ന ദിവസം മുതൽ ജയചന്ദ്രനെ നിയമിച്ചുകൊണ്ടുള്ള ഫുൾ കോടതിയുടെ ടി ശുപാർശ എത്രതന്നെ നിയമ വിരുദ്ധവും ക്രമക്കേടുമായിരുന്നാലും എ. സി. ക്കു തിരുത്താൻ സാധിക്കില്ല. ഏതാണോ ആവശ്യമായും കോടതികൾക്ക് സമ്മതിച്ചു നൽകുന്ന സ്റ്റേറ്റിന്റെ അധികാരം; അത് ഫുൾ കോടതിക്ക് അല്ലെങ്കിൽ നീതിന്യായ കോടതിപ്രവർത്തനങ്ങൾ നടത്തുന്ന കോടതിക്കു മാത്രമേ ചെയ്യാൻ കഴിയൂ. ആയതിനാൽ, ഞങ്ങളുടെ അഭിപ്രായത്തിൽ, ജയചന്ദ്രന്റെ അപേക്ഷ കാലതാമസമുള്ളതും നിരസിക്കപ്പെടെണ്ടതുമാണ്. എ.സി.യുടെ തീരുമാനത്തിലെ മറ്റ് വശങ്ങളെ കുറിച്ചുള്ള ഞങ്ങളുടെ കണ്ടെത്തലുകൾ, ജയചന്ദ്രന്റെ കാര്യത്തിലും ബാധകമാണ്.
>
> മുകളിൽ പറഞ്ഞ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ, അപ്പീലുകളും, ആദ്യ നിയമന തീയതി മുതൽ കക്ഷികൾക്ക് നല്കിയിരിക്കുന്നതായ നേരിട്ടുള്ള സീനിയോറിറ്റിയും ഞങ്ങൾ

അനുവദിക്കുന്നതാണ്."

25. അപ്പീൽവാദി ഫയൽ ചെയ്തതായ മുൻപത്തെ റിട്ട് ഹർജിയിന്മേൽ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ചതായ ഉത്തരവ് അന്തിമമാണെന്ന് അപ്പീൽവാദിയുടെ വിവരസ്ഥനായ വക്കീൽ ശക്തമായി വാദിച്ചു. തിരഞ്ഞെടുക്കൽ പട്ടിക ഉടച്ചുവാർക്കണമെന്നതാണ് ഉത്തരവ്. ഒരിക്കൽ തിരഞ്ഞെടുക്കൽ പട്ടിക പരിഷ്കരിച്ചുകഴിഞ്ഞാൽ, അതിനുശേഷം, തിരഞ്ഞെടുക്കൽ പട്ടികയിൽ യോഗ്യതയ്ക്കനുസരിച്ചായിരിക്കണം സീനിയോറിറ്റി.

26. തെറ്റായിട്ടാണ് ഒരു ഉദ്യോഗാർത്ഥിയെ നിയമിക്കാതിരുന്നതെങ്കിൽ അദ്ദേഹം നിയമിതനാകേണ്ടിയിരുന്ന തീയതി മുതൽ സാങ്കൽപ്പിക സീനിയോറിറ്റിക്ക് അദ്ദേഹത്തിനു അർഹതയുണ്ടെന്ന് വാദിക്കുന്നതിന് , സഞ്ജയ് ധർ വി. ജെ. & കെ. പബ്ലിക് സർവീസ് കമ്മീഷനും മറ്റുള്ളവരും[3], ശശിധർ റെഡ്ഡി സുര വി. ആന്ധ്രാപ്രദേശ് സംസ്ഥാനവും മറ്റുള്ളവരും[4], ലക്ഷ്മണറാവു യാദവല്ലിയും മറ്റൊരാളും വി. ആന്ധ്രാപ്രദേശ് സംസ്ഥാനവും മറ്റുള്ളവരും[5], ബൽവന്ത് സിംഗ് നർവാളും മറ്റൊരാളും വി ഹരിയാന സംസ്ഥാനവും മറ്റുള്ളവരും[6]. പിള്ള സീതാറാം പട്രൂദുവും മറ്റുള്ളവരും വി. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും[7] എന്നീ കേസുകളിൽ റിപ്പോർട്ട് ചെയ്തതായ ഈ കോടതിയുടെ വിധിന്യായങ്ങളിന്മേലാണ് അപ്പീൽവാദിക്കുവേണ്ടിയുള്ള വിവരസ്ഥനായ അഭിഭാഷകൻ വിശ്വാസമർപ്പിച്ചിരി-ക്കുന്നത്. അപ്പീൽവാദിയെ തിരഞ്ഞെടുക്കാത്തതായ നടപടികൊണ്ടു നിയമത്തെ തോൽപ്പിക്കാൻ കഴിയില്ലെന്ന് വാദിച്ചു. 2010 ഡിസംബർ 22-)o തീയതിയിലെ അപ്പീൽവാദിയുടെ നിയമന ഉത്തരവ്, ഹൈക്കോടതി പൂർണമായും തെറ്റായി വ്യാഖ്യാനിച്ചു എന്നും കൂടുതലായി വാദിച്ചു. കേഡറിൽ അദ്ദേഹം ഉണ്ടായിരുന്നില്ല എന്നതിനാൽ 2009 മാർച്ച് 30-)o തീയതി മുതൽ അപ്പീൽ വാദിയെ നിയമിക്കാൻ കഴിയില്ലെന്നും വാദിച്ചു. 2010 ഡിസംബർ 22 ന് അദ്ദേഹം നിയമിതനായി. 2010 ഡിസംബർ 22 ന് മൂന്ന് ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജിമാരുടെ നിയമനം ഗവൺമെന്റ് റദ്ദാക്കുകയും, കേരള ഹയർ ജുഡീഷ്യൽ സർവീസിൽ ബാബുവിനും , കൗസറിനും , ബദറുദീനും യഥാക്രമം 37, 39, 42 എന്നീ ക്രമ നമ്പറുകൾ നൽകിയ സമയം അപ്പീൽവാദിക്കു ക്രമനമ്പർ 41 നല്കിയിട്ടുള്ളതുമാണ്. 2009 മാർച്ച് 30 -)oതീയതിയിലെ വിജ്ഞാപനപ്രകാരം മൂന്ന് ഓഫീസർമാരായ ബാബു, കൗസർ, ബദറുദീൻ എന്നിവരെ നിയമിച്ചു എന്നതാണ് വിശദീകരണത്തോടൊപ്പം ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം. 2010 ഒക്ടോബർ 22-)o തീയതിയിലെ വിജ്ഞാപനം അനുസരിച്ച് ഇവരെ സർവീസിൽ തുടരാൻ അനുവദിക്കുകയായിരുന്നു. അതിനാൽ, അവരെ സംബന്ധിച്ച് പുതിയതായ അറിയിപ്പൊന്നും ആവശ്യമില്ല. ഒരിക്കൽ ബദറുദ്ദീന് മുകളിൽ ക്രമ നമ്പർ 41 ലെ സീനിയോറിറ്റി അപ്പീൽവാദിക്കു നൽകിയതുകൊണ്ട്, അപ്പീൽ വാദിക്കാണ് ബദറുദീനിനേക്കാൾ സീനിയോറിറ്റി നൽകിയിട്ടുള്ളത് എന്നതിൽ സംശയമൊന്നും ബാക്കിയില്ലെന്നും, സീനിയോറിറ്റി പദവി ബദറുദീൻ ചോദ്യം ചെയ്തിട്ടില്ലെന്നുമാണ് വാദിച്ചിട്ടുള്ളത്.

---

3 (2000) 8 എസ്സിസി 182
4 (2014) 2 എസ്സിസി 158
5 (2014) 13 എസ്സിസി 393
6 (2008) 7 എസ്സിസി 728
7 (1996) 8 എസ്സിസി 637

27. കേഡറിലെ ആളുകളുടെ പരമാവധി എണ്ണത്തെ സംബന്ധിച്ചു ഒരു സ്പഷ്ടമായ കണ്ടെത്തൽ ഭരണ സമിതി രേഖപെടുത്തിയിട്ടുണ്ടെന്നും ട്രാൻസ്ഫർ മുഖേനയുള്ള നിയമനക്കാർ അവരുടെ ക്വാട്ടയ്ക്കു അതീതമാണെന്നും വാദിച്ചു. ട്രാൻസ്ഫർ മുഖേനയുള്ള നിയമനക്കാരുടെ (പ്രൊമോട്ടീ ഉദ്യോഗസ്ഥരുടെ), ഇതിലെ എതിർകക്ഷികളുടെ, പ്രൊമോഷനുവേണ്ടിയുള്ള അവരുടെ ക്വാട്ടയ്ക്കകത്തുള്ള-വരാണ് അവരെന്നുള്ള, കേസല്ല ഇതെന്നാണ്.

28. നേരിട്ടുള്ള നിയമനക്കാർക്ക് ക്വാട്ടയുണ്ടെന്നും എന്നാൽ, ട്രാൻസ്ഫർ വഴി നിയമിതരായ ഉദ്യോഗസ്ഥർക്കില്ലെന്നും വിധിച്ചതിനാൽ ഹൈക്കോടതിക്കു ഗുരുതരമായ തെറ്റ് പറ്റിയെന്നും വാദിച്ചു. 1/3 ഭാഗം ഒരു പ്രത്യേക സംഖ്യയായിരിക്കണം എന്നും വാദിച്ചു. അത്തരംസംഖ്യ 2007 ൽ 96 ആയിരുന്നതു 20l0 ൽ 99 ആയിട്ടുള്ളതാണ്. എന്നാൽ ട്രാൻസ്ഫർ വഴി നിയമനം നല്കുന്നതിനുള്ള ക്വാട്ട 2/3 ആയിരിക്കുമെന്നു ഭരണ സമിതി കണ്ടെത്തി, അതായത് 2007 ൽ 72 എന്ന്. ഹനീഫയുടെ കേസിലെ ഫുൾ ബെഞ്ചിന്റെ വിധിയിൽ അത്തരം ചട്ടങ്ങളുടെ വ്യാഖ്യാനം താഴെ പറയും പ്രകാരം നല്കിയിരിക്കുന്നതിനാൽ:

> "63. എന്നാൽ ഇത്തരം നിയമനങ്ങൾ നേരിട്ടുള്ള നിയമനക്കാരെ ഹാനികരമായ രീതിയിൽ ബാധിക്കുമോ എന്ന ചോദ്യം വേറിട്ട വിഷയമാണെന്നും പരിഗണിക്കേണ്ടതാണെന്നുമാണ്. പ്രത്യേക ചട്ടങ്ങളിലെ 2 (ബി)-)ഠ ചട്ടം നേരിട്ടുള്ള നിയമനത്തിനുള്ള ക്വാട്ട നല്കുന്നുവെന്ന വാദം ഞങ്ങൾ ഇതിനകം തന്നെ അംഗീകരിച്ചിട്ടുള്ളതാണ്. നേരിട്ടുള്ള നിയമനത്തിനും സബോർഡിനേറ്റ് ജുഡീഷ്യറിയിൽ നിന്ന് സ്ഥലംമാറ്റം വഴിയുള്ള നിയമനത്തിനും, വെവ്വേറെ ക്വാട്ടകൾ ഒരിക്കൽ നിഷ്കർഷിക്കുന്ന പക്ഷം, ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന അനുപാതം കേഡറിലെ ആളുകളുടെ പരമാവധി എണ്ണത്തിൽ നിലനിർത്തേണ്ടതാണ്. ഈ സാഹചര്യത്തിൽ, പ്രസാദ് കുര്യൻ വി.. അഗസ്റ്റിൻ (2008 (2) കെ.ൽ.ടി. 533 (എസ്.സി.))ലെ മേൽക്കോടതിയുടെ വിധിന്യായം പരാമർശിക്കേണ്ടത് സമുചിതമാണ്. എപ്പോഴെല്ലാമാണോ ഒരു അനുപാതമോ ശതമാനമോ ചട്ടത്തിൽ നിർദ്ദേശിക്കുന്നത്, ആ സമയത്തു നിലവിലുള്ള ഒഴിവുകളനുസരിച്ചല്ല, നിയമനം നടത്തേണ്ടതായ തസ്തികയിലുള്ള കേഡറിലെ ആളുകളുടെ പരമാവധി എണ്ണം വച്ചുവേണം അത് കണക്കാനെന്നും, കെ.എസ്. & എസ്.എസ്.ആർ -ലെ 5-)ഠ ചട്ടം പരാമർശിച്ചുകൊണ്ട് ആയതിൽ വിധിച്ചിട്ടുള്ളതാണ്. ബാറിൽ നിന്നുള്ള നേരിട്ടുള്ള നിയമനത്തിനായി നീക്കിവെച്ച തസ്തികകളിന്മേലാണ് ഹർജിക്കാർക്കു നിയമനം നൽകിയിരിക്കുന്നത് എന്നതിനാൽ, പ്രത്യേക ചട്ടങ്ങളിലെ 6-)ഠചട്ടം, ആദ്യ നിയമനം ലഭിച്ച തീയതി മുതലുള്ള സീനിയോറിറ്റി അംഗീകരിക്കുന്നുവെന്ന വസ്തുത, സീനിയോറിറ്റിയിലുള്ള അവരുടെ അവകാശത്തിന് യാതൊരു സഹായവും നല്കുകയില്ല.
>
> xx xx xx
>
> 69. രണ്ട് വ്യത്യസ്തങ്ങളായ സ്രോതസ്സുകളിൽ നിന്നാണ് നിയമനം നടത്തേണ്ടതെന്നുള്ളതുകൊണ്ടും ഓരോ സ്രോതസ്സുകൾക്കും ചട്ടത്തിൽ ക്വാട്ടയും നിലനിർത്തേണ്ടതായ അനുപാതവും നിഷ്കർഷിക്കുന്നുവെന്നുള്ളതുകൊണ്ടും ഈ ക്വാട്ടകളിൽ ഓരോന്നിലും നിയമിക്കപ്പെടുന്നവരുടെ സീനിയോറിറ്റി, ക്വാട്ടയ്ക്കകത്ത് അവരുടെ നിയമനതീയതികളിൽ നിന്ന് മാത്രമാവണം. അതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി നിശ്ചയിക്കുന്നത് സുഖകരമാകുന്നതിനും, നേരിട്ടുള്ള നിയമനക്കാരുടെ അവകാശവാദങ്ങൾക്ക് ഹാനികരമല്ലാത്തവിധം നിയമനം നടത്തുന്ന അതോറിറ്റിയും, ഒപ്പം ഹൈക്കോടതിയും പാനലിന് അംഗീകാരം നൽകിയെന്നുള്ള ഭാവി തർക്കങ്ങൾ ഒഴിവാക്കാനുമാണ്. പ്രത്യേക ചട്ടങ്ങളുടെ ഉദ്ദേശ്യം, ഞങ്ങൾക്ക് മനസ്സിലായത്, ബാറിൽനിന്നും നിയമിതരായ ഉദ്യോഗാർഥികളുടെ അവകാശവാദങ്ങൾക്ക് ഹാനികരമാകാത്തവിധമാവണം ഹർജിക്കാരുടെ പോസ്റ്റിംഗും നിയമനവും അംഗീകാരവും എന്നുള്ളതായ ഹൈക്കോടതിയും കേരള സർക്കാരും പുറപ്പെടുവിച്ച ഉത്തരവുകളിലെ വകുപ്പുകളിൽ നിയമവിരുദ്ധമായ ഒന്നും തന്നെ കാണുന്നില്ലെന്നുമാണ്."

29. നേരിട്ടുള്ള നിയമനക്കാരുടെയും പ്രൊമോട്ടീസിന്റെയും സീനിയോറിറ്റി സംബന്ധിച്ചുള്ള നിവേദനത്തിൽ തീർപ്പുകൽപ്പിക്കാൻ ഭരണ സമിതി പ്രാപ്തമല്ല എന്നുള്ളതായ ഹൈകോടതിയുടെ കണ്ടെത്തൽ വ്യക്തമായും തെറ്റാണെന്നു ഹൈകോടതിക്ക് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ശ്രീ പി.എൻ. രവീന്ദ്രൻ വാദിച്ചു. 1986 ജൂൺ 12-)ംതീയതിയിലെ ഫുൾ കോർട്ട് പ്രമേയത്തിൽ, ഹൈകോടതിയിലെ ഭരണനിർവ്വഹണ ജോലികളുടെ വിതരണം സംബന്ധിച്ച പ്രമേയം ഉൾപ്പെടുന്നു. ജുഡീഷ്യൽ ഉദ്യോഗസ്ഥരുടെ സേവന പ്രശ്നങ്ങൾ സംബന്ധിച്ചുള്ള നിവേദനങ്ങൾ ഭരണ സമിതിയുടെ അധികാര പരിധിയിൽ വരുന്നു. സേവന പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ജുഡീഷ്യൽ ഉദ്യോഗസ്ഥരിൽനിന്നുള്ള നിവേദനം ഭരണ സമിതിക്കു ഭരമേല്പിച്ചവയിൽ ഉൾപ്പെടുന്നു.

30. അനുബന്ധം A-യുടെ വിഭാഗം I-ൽ 4-)ം ക്രമ നമ്പറിൽ ഫുൾ കോടതിയുടെ അധികാരപരിധിയിൽ വരുന്ന വിഷയങ്ങൾ നിഷ്കർഷിക്കുന്നുവെന്ന് വാദിക്കുന്നു. ജുഡീഷ്യൽ ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം സംബന്ധിച്ചുള്ള വിഷയങ്ങൾ ഫുൾ കോടതി നിലനിർത്തി .അപ്പീൽവാദിക്കു സ്ഥാന കയറ്റം കിട്ടി; ആയതിനാൽ കുറെ ഉദ്യോഗസ്ഥരുടെ നിവേദനം ആധാരമാക്കിയുള്ളതായ സീനിയോറിറ്റി സംബന്ധിച്ചുള്ള അപ്പീൽവാദിയുടെ ആവലാതി ഭരണ സമിതി തീരുമാനിക്കേണ്ടതാണെന്നു വാദിച്ചിട്ടുള്ളതാണ്. ആയതിനാൽ സീനിയോറിറ്റി സംബന്ധിച്ചുള്ള നിവേദനത്തിൽ തീരുമാനമെടുക്കുന്നതിനു ഭരണസമിതി പ്രാപ്തമല്ല എന്ന് പ്രസ്താവിച്ചതിൽ വച്ച് ഹൈകോടതിയുടെ ഡിവിഷൻ ബെഞ്ച് "ഭരമേല്പിക്കൽ" തെറ്റായി വായിച്ചിട്ടുള്ളതാണ്.

31. മറുവശത്ത്, 11 ഉം 12 ഉം എതിർകക്ഷികൾ അവരുടെ ക്വാട്ടയ്ക്കുള്ളിൽ തന്നെയാണെന്നും ആയതിനാൽ അവർക്കു ശരിയായ സീനിയോറിറ്റിയാണ് നല്കിയിരിക്കുന്നതെന്നും 11 ഉം 12 ഉം എതിർകക്ഷികൾക്കുവേണ്ടി ഹാജരാകുന്ന അഭിഭാഷകനായ ശ്രീ ഗൗരവ് അഗർവാൾ സമർത്ഥിച്ചു. ഭരണസമിതി അപ്പീൽവാദിക്കു സീനിയോറിറ്റി നൽകാൻ തീരുമാനിക്കുന്നതിനു മുൻപായി, 2017 മാർച്ച് 17 ന് ഇത്തരം എതിർകക്ഷികൾക്ക് സെലക്ഷൻ ഗ്രേഡ് നൽകിയെന്നും വാദിച്ചിട്ടുള്ളതാണ്. അപ്പീൽവാദിയുടെ ഇത്തരം അവകാശങ്ങൾക്ക് തടസ്സമുണ്ടാക്കാൻ പാടില്ല. 6-)ംചട്ടപ്രകാരമുള്ള സീനിയോറിറ്റി നിയമനതീയതി മുതലാണെന്നും വാദിച്ചു. ടി എതിർകക്ഷികളെ അപ്പീൽവാദികൾക്കു മുന്പുള്ളതായ സമയത്ത് നിയമിച്ചതായതുകൊണ്ടു ചട്ടപ്രകാരം അവർക്കു സീനിയോറിറ്റി നൽകിയെന്നുമാണ്.

32. നേരിട്ടുള്ള നിയമനക്കാരുടെ അവകാശങ്ങൾക്കു വിധേയമായിട്ടായിരിക്കും അവരുടെ ട്രാൻസ്ഫർ എന്നുള്ളതായ ഒരു നിബന്ധനയും ട്രാൻസ്ഫർ മുഖേനയുള്ള നിയമന ഉത്തരവിലില്ല എന്നും ആയതിനാൽ തിരഞ്ഞെടുക്കൽ പട്ടിക തയ്യാറാക്കിയ തീയതി മുതൽ അപ്പീൽവാദിക്കു സീനിയോറിറ്റി നൽകാവുന്നതല്ലയെന്നും 9 ഉം 10 ഉം എതിർകക്ഷികൾക്കുവേണ്ടി ഹാജരാകുന്ന വിവരസ്ഥനായ അഭിഭാഷകൻ സമർത്ഥിച്ചിട്ടുള്ളതാണ്. ട്രാൻസ്ഫർ ചെയ്തതായ ജീവനക്കാർ ക്വാട്ടയിൽ കവിഞ്ഞുള്ളവരാണെന്ന കണ്ടെത്തലിനെ തുടർന്ന് തിരിച്ചുപോകൽ കേസും കൈകാര്യം ചെയ്തതുകൊണ്ട് ഹനീഫയുടെ കേസ് വളരെ വേറിട്ടതാണ്. എന്നാൽ, നിലവിലെ കേസിൽ, ഒരു ഉദ്യോഗസ്ഥനും തിരിച്ചുപോകൽ വേണ്ടിവന്നിട്ടില്ല, അതിനാൽ, ഹനീഫയുടെ കേസിലെ വിധിന്യായം വേറിട്ടതാണ്.

33. 5-)σ എതിർകക്ഷിക്കുവേണ്ടി ഹാജരായ വിവരസ്ഥനായ അഭിഭാഷകൻ, ഒഴിവ് ലഭിക്കുന്ന തീയതി മുതൽ അപ്പീൽവാദിക്കു സീനിയോറിറ്റി പട്ടിക അവകാശപ്പെടാൻ കഴിയില്ല എന്ന് വാദിക്കുന്നതിനായി, കെ.മേഘ്ലാസിംഗും മറ്റുള്ളവരും വി. നിൻഗം സിറോയും മറ്റുള്ളവരും[8] എന്നതിൽ ഈ കോടതി പാസ്സാക്കിയതായ ഉത്തരവിൽ ആശ്രയിച്ചു.

34. കക്ഷികൾക്ക് വേണ്ടിയുള്ള വിവരസ്ഥനായ അഭിഭാഷകന്റെ വാദഗതികൾ പരിഗണിക്കുന്നതിനു മുമ്പ്, ചില നിയമപരമായ ചട്ടങ്ങൾ താഴെ പകർത്തിയിരിക്കുന്നു:

> "1. ഭരണഘടന. - ടി സേവനത്തിൽ ഇനിപ്പറയുന്ന വിഭാഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നു, അതായത്:-
> വിഭാഗം (1) സെലക്ഷൻ ഗ്രേഡ് ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് ജഡ്ജ്.
> വിഭാഗം (2) ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് ജഡ്ജിമാർ (അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് ജഡ്ജ് ഉൾപ്പെടെ).
>
> 2. നിയമന രീതി -(എ) വിഭാഗം (1) ലേക്കുള്ള നിയമനം, വിഭാഗം (2) ൽ നിന്നുള്ള പ്രൊമോഷൻ മുഖേന ഹൈക്കോടതി നടത്തേണ്ടതാണ്.
> (ബി) പൂരിപ്പിക്കേണ്ടതായ അല്ലെങ്കിൽ നേരിട്ടുള്ള നിയമനക്കാർക്കു സംവരണം ചെയ്യേണ്ടതായ വിഭാഗം(2) ൽ ഉള്ള തസ്തികളുടെ എണ്ണം, വിഭാഗം (1)ഉം (2)ഉം ഒരുമിച്ചെടുത്താലുള്ള സ്ഥിരതസ്തികകളുടെ മൂന്നിലൊന്ന് ആകുന്ന പക്ഷം, കേരള ജുഡീഷ്യൽ സർവ്വീസിലെ സബോർഡിനേറ്റ് ജഡ്ജ് /സി.ജെ.എം. വിഭാഗം (1) ൽ നിന്നുള്ള ട്രാൻസ്ഫർ മുഖേനയോ അല്ലെങ്കിൽ, ബാറിൽ നിന്നുള്ള നേരിട്ടുള്ള നിയമനം മുഖേനയോ വിഭാഗം (2) ലേക്കുള്ള നിയമനം നടത്തേണ്ടതാണ്.
> കുറിപ്പ്. - നിയമനങ്ങളുടെ സംവരണവുമായി ബന്ധപ്പെട്ട നിയമങ്ങളായ (1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ഭാഗം 2-ലെ 14 മുതൽ 17 വരെ ചട്ടങ്ങൾ) വിഭാഗം (2) ലെ നേരിട്ടുള്ള നിയമനം വഴിയുള്ള നിയമനങ്ങൾക്ക് ബാധകമാണ്.
> (സി.) യോഗ്യതയും കഴിവും ഏകദേശം തുല്യം ഉള്ളിടത്ത്, വിഭാഗം(1) ലേക്കുള്ള സ്ഥാനക്കയറ്റം വഴിയുള്ള നിയമനവും, വിഭാഗം (2) ലേക്കുള്ള ട്രാൻസ്ഫർ വഴിയുള്ള നിയമനവും നടത്തേണ്ടത് യോഗ്യതയുടെയും കഴിവിന്റെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ മാത്രമാണ്.
> കുറിപ്പ്. - (i) തിരഞ്ഞെടുപ്പിലെ ഉദ്യോഗാർത്ഥിയുടെ യോഗ്യതയും കഴിവും നിശ്ചയിക്കുന്നതിന് മുൻകാലശിക്ഷകളും കണക്കിലെടുക്കേണ്ടതാണ്
> (ii) മറ്റ് ഡ്യൂട്ടിയിലുള്ള ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജിമാർക്കും, അവർ മറ്റുതരത്തിൽ യോഗ്യരാണെന്ന പക്ഷം, വിഭാഗം (1) ലേക്കുള്ള സ്ഥാനക്കയറ്റത്തിലേക്ക് പരിഗണിക്കപ്പെടുവാൻ അർഹതയുള്ളതാണ്.
>
> xx xx xx
>
> 6. സീനിയോറിറ്റി. - (1) വിഭാഗം(1)ലേക്ക് അല്ലെങ്കിൽ വിഭാഗം (2)ലേക്ക് നിയമിക്കപ്പെടുന്ന വ്യക്തിയുടെ സീനിയോറിറ്റി,ശിക്ഷയായി താഴെയുള്ള പദവിയിലേക്കു ചുരുക്കപ്പെടാത്ത പക്ഷം, ടി വിഭാഗത്തിലേക്കുള്ള ആദ്യ നിയമന ഉത്തരവിലെ തീയതിയെ ആശ്രയിച്ചു തീരുമാനിക്കുന്നതായിരിക്കും:
> 1979 ജനുവരി 1 നു മുമ്പ് വിഭാഗം (2) ലേക്ക് നിയമിക്കപ്പെടുന്ന വ്യക്തിയുടെ സീനിയോറിറ്റി, തസ്തികയിൽനിന്നും പിന്നീട് റിവേട്ട് ചെയ്യപ്പെടാതെ, താല്ക്കാലികമായല്ലാതെ ടി വിഭാഗത്തിൽ അദ്ദേഹം നിയമിക്കപ്പെടുന്ന തീയതിയെ ആശ്രയിച്ചായിരിക്കും തീരുമാനിക്കുന്നത്.
> (2) രണ്ടോ അതിലധികമോ വ്യക്തികളെ, ഒരേ ഉത്തരവിലൂടെ, വിഭാഗം (1) ലേക്കോ അല്ലെങ്കിൽ വിഭാഗം (2) ലേക്കോ നിയമിക്കുകയാണെങ്കിൽ, അവർ തമ്മിലുള്ള സീനിയോറിറ്റി, നിയമന ഉത്തരവിൽ അവരുടെ പേരുകൾ കാണുന്ന ക്രമമനുസരിച്ച് നിർണ്ണയിക്കും"

---
8 2019 നവംബർ 19 ന് തീരുമാനിച്ചതായ 2019 ലെ സിവിൽ അപ്പീൽ നമ്പർ 8833

35. കക്ഷികളുടെ വിവരസ്ഥനായ അഭിഭാഷകരെ ഞങ്ങൾ കേൾക്കുകയും, ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പാസാക്കിയ ഉത്തരവ് നിലനിൽക്കുന്നതല്ല എന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്.

36. അപ്പീൽവാദി നേരത്തെ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 2010 സെപ്റ്റംബർ 13-ന് അനുവദിച്ചു. ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട ഏഴു പേർക്കായി സീനിയോറിറ്റി വീണ്ടും പരിഷ്കരിക്കാൻ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചു. അപ്പീൽവാദി അവരിൽ ഒരാളായിരുന്നു. 2010 ഒക്ടോബർ 8 ന് ഈ കോടതി എസ്.എൽ.പി. തള്ളിയപ്പോൾ, ബാധിക്കപ്പെട്ട മൂന്ന് ഉദ്യോഗാർത്ഥികളുടെ, ടി ഉത്തരവി-നെതിരായുള്ള വെല്ലുവിളി പരാജയപ്പെട്ടു. മോഡറേഷൻമാർക്കിന്റെ ഗുണം നൽകിയതായ ഉദ്യോഗാർത്ഥികളാണ് എസ്.എൽ.പി. ഫയൽ ചെയ്തത്. ഡിവിഷൻ ബെഞ്ചിന്റെ നിർദേശം അന്തിമതീരുമാനം നേടിയപ്പോൾ, അപേക്ഷകരുടെ യോഗ്യത അനുസരിച്ച് പരിഷ്കരിക്കേണ്ടതായ തിരഞ്ഞെടുക്കൽ ലിസ്റ്റ് പ്രകാരം അപ്പീൽവാദിക്കു സീനിയോറിറ്റി ലഭിച്ചു. 6(2)-)ാം ചട്ട പ്രകാരം നിയമന ഉത്തരവിൽ അവരുടെ പേരുകൾ കാണുന്ന ക്രമമനുസരിച്ചു സീനിയോറിറ്റി നിർണ്ണയിക്കണം അപ്പീൽവാദിയെ അതേ നിയമന ഉത്തരവ് പ്രകാരം നിയമിച്ചതല്ല, ആയതിനാൽ, അപ്പീൽവാദിക്കു സീനിയോറിറ്റി അവകാശപ്പെടാൻ കഴിയില്ല എന്നുള്ളതായ 5-)ാം എതിർകക്ഷിക്കുവേണ്ടി ഹാജരായ വിവരസ്ഥനായ അഭിഭാഷകന്റെ വാദം സാധൂകരിക്കത്തക്കതല്ല. അപ്പീൽവാദിക്ക് മറ്റ് മൂന്ന് പേർക്കൊപ്പം നിയമനാർഹതയുണ്ടെന്നും, എന്നാൽ മോഡറേഷൻ കൈക്കൊണ്ടതായ ഹൈക്കോടതിയുടെ നടപടി കാരണം ,അപ്പീൽവാദി നിയമനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടു. അപ്പീൽവാദി നിയമനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടത്, ഹൈക്കോടതിയുടെനിയമവിരുദ്ധമായ പ്രവൃത്തികാരണമാണ്; ഏതാണോ 2010 സെപ്റ്റംബർ 13-ലെ വിധി പ്രകാരം അങ്ങനെ കണ്ടെത്തിയത് . തെരഞ്ഞെടുക്കൽ പട്ടിക പരിഷ്കരിക്കേണ്ടതായതുകൊണ്ട്, അപ്പീൽവാദി തിരഞ്ഞെടുക്കപ്പെട്ട മറ്റ് അപേക്ഷകർക്കൊപ്പം അതേ തെരഞ്ഞെടുക്കൽ പട്ടികയിലെ നിയമനത്തിന്റെ ഭാഗമാകുമായിരുന്നു. ശരിക്കുള്ളതായ നിയമന തീയതി 2011 ഫെബ്രുവരി 24-ന് ആയതുകൊണ്ട് 2009 മാർച്ച് 30-ന് അപ്പീൽവാദിയെ നിയമിച്ചതായി യഥാർത്ഥത്തിൽ പരിഗണിക്കപ്പെടാൻ കഴിയില്ല, എന്നാൽ ആ തീയതി മുതൽ സാങ്കൽപ്പിക സീനിയോറിറ്റിക്കും, അതിന്റെ അനന്തരഫലമായ സീനിയോറിറ്റിക്കും അർഹതയുണ്ട്.

37. സഞ്ജയ് ധറിൽ, ഈ കോടതിയിലെ മൂന്നംഗ ബെഞ്ച് താഴെ പറയും പ്രകാരം വിധിപറഞ്ഞു:

> "16. മേൽപ്പറഞ്ഞ കാരണങ്ങളാൽ അപ്പീൽ അനുവദിക്കുന്നു. അപ്പീലിനു കീഴിലുള്ള വിധിന്യായം റദ്ദാക്കുന്നു. 6-3-1995 തീയതിയിലെ നിയമന ഉത്തരവ് പ്രകാരം നിയമിതനായ മറ്റുള്ളവരുടെ കൂടെ അപ്പീൽവാദി നിയമിതനായെന്ന് നിർദ്ദേശിച്ചിട്ടുള്ളതും, ജെ. & കെ. പി.എസ്. സി. തയ്യാറാക്കിയ തിരഞ്ഞെടുക്കൽപ്പട്ടികയിലെ യോഗ്യതാ ക്രമത്തിലുള്ള അദ്ദേഹത്തിന്റെ സ്ഥാനത്തിനൊപ്പം സീനിയോറിറ്റി സ്ഥാനം നൽകുകയും പിന്നീട് നിയമവകുപ്പിന് അയച്ചു കൊടുക്കുകയും ചെയ്തു...."

38. ലക്ഷ്മണറാവു യാദവലിയിൽ, ഈ കോടതി താഴെ പറയുന്ന പ്രകാരം വിധിച്ചു:

> "13. ലക്ഷ്മണറാവു യാദവലി വി.സ്റ്റേറ്റ് ഓഫ് എ.പി.യിൽ (മുകളിൽ 1 മുതൽ 13 വരെ ഖണ്ഡികയിൽ പ്രതിപാദിച്ചിരിക്കുന്നു.), നിലവിലെ അപ്പീലുകൾ അനുവദിച്ചി-രിക്കുന്നുവെന്നും, ഹൈക്കോടതിയും ഒപ്പം എതിർകക്ഷി സ്റ്റേറ്റും മുൻകാല പ്രാബല്യത്തോടുകൂടി അപ്പീൽവാദിക്കു നിയമനം നല്കുന്നതിനാവശ്യമായത് ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. അതായത് അവൾ നിയമിക്കപ്പെടേണ്ടതായ തീയതി മുതൽ, എന്നിരുന്നാലും അവൾ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജിയായി ജോലി ചെയ്യാതിരുന്ന കാലയളവിൽ അവൾക്കു ശമ്പളം നല്

കപ്പെടുകയില്ല. അപ്പീൽവാദിയെ എത്രയും നേരെത്തെയുള്ള ഒരു തീയതിയിൽ നിയമിക്കുന്നതിനാവശ്യമായതു എതിർകക്ഷികൾ ചെയ്യുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്."

39. മുകളിൽ പറഞ്ഞ പ്രകാരം, അപ്പീൽവാദി അതേ തിരഞ്ഞെടുക്കൽ പ്രക്രിയയിൽ പങ്കെടുത്തതുകൊണ്ടും, ഹൈക്കോടതിയിലെ ഡിവിഷൻ ബെഞ്ചിന്റെ നിർദേശത്തിന്റെ വെളിച്ചത്തിൽ, ബഹറുദ്ദീനെ ജനറൽ വിഭാഗത്തിലെ ഉദ്യോഗാർത്ഥിയിൽ നിന്നും ക്രമനമ്പർ: 42 ലെ ഒ.ബി.സി.വിഭാഗത്തിലെ ഉദ്യോഗാർത്ഥിയാക്കി നീക്കിയും, ക്രമനമ്പർ 41 ൽ അദ്ദേഹത്തെ സ്ഥാപിച്ചും, പരിഷ്കരിച്ച തിരഞ്ഞെടുക്കൽ പട്ടിക അദ്ദേഹത്തിന് നൽകിയതുകൊണ്ടും ഹൈക്കോടതി ശരിയായ സ്ഥാനം നൽകിയിട്ടുള്ളതാണ്.

40. നിയമവിരുദ്ധവും ഏകപക്ഷിയവുമായി മോഡറേഷൻ മാർക്ക് നൽകിയതുകൊണ്ടു നിയമന പ്രക്രിയയിൽ നിന്നും അപ്പീൽവാദി തെറ്റായി ഒഴിവാക്കപ്പെട്ടു. സർക്കാർ അതിന്റെ 2010 ഡിസംബർ 22-)ᶦ തീയതിയിലെ ഉത്തരവിൽ, മോഡറേഷൻ ആനുകൂല്യം നൽകിയതായ മൂന്ന് ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജിമാരുടെ നിയമനം റദ്ദാക്കി. ബഹറുദ്ദീന് നേരത്തേ ജനറൽ വിഭാഗത്തിലെ സീറ്റാണ് നൽകിയത്, എന്നാൽ അപ്പീൽവാദി യോഗ്യതയിന്മേൽ ഉയരത്തിലായതുകൊണ്ട് ബഹറുദ്ദീനെ താഴെയ്ക്ക് നീക്കുകയും ക്രമനമ്പർ: 42 ലെ ഒബിസി വിഭാഗം സീറ്റിൽ ക്രമീകരിക്കുകയും ചെയ്തു. വിവരസ്ഥനായ ഈ കോടതിയുടെയോ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെയോ അല്ലെങ്കിൽ ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചിന്റെയോ മുമ്പാകെ ക്രമനമ്പർ: 42 ലേക്ക് തരംതാഴ്ത്തിയതിനെ ബഹറുദ്ദീൻ ചോദ്യം ചെയ്തിട്ടില്ല. ആയതുകൊണ്ട് എതിർകക്ഷിയെന്നനിലയ്ക്കു ക്രമനമ്പർ 41 ൽ അപ്പീൽവാദിക്കു സീനിയോറിറ്റി നൽകിയത് തർക്കിക്കാൻ അദ്ദേഹത്തെ അനുവദിക്കാവുന്നതല്ല. ഒഴിവ് നിലവിൽ വന്ന സമയം മുതൽ നേരിട്ടുള്ള നിയമനക്കാരൻ എന്ന നിലയിൽ ഇതിലെ അപ്പീൽവാദി ഉന്നയിച്ചതായ വാദഗതികൾക്ക് മുമ്പിൽ വിവരസ്ഥനായ അഭിഭാഷകൻ പരാമർശിച്ചതായ വിധിന്യായങ്ങളൊന്നും സഹായകരമല്ല. അത്തരം ഒരു വാദം ഉന്നയിക്കാൻ, ഒരാൾക്ക് അയാൾ സർവ്വീസിൽ പ്രവേശിച്ചിട്ടില്ലാത്ത തീയ്യതി മുതൽ സീനിയോറിറ്റി അവകാശപ്പെടാൻ അർഹതയില്ലെന്ന് ഈ കോടതി വിധിച്ചതായ യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും വി.എൻ. ആർ. പരമറും മറ്റുള്ളവരും[9] എന്ന കേസിൽ റിപ്പോർട്ട് ചെയ്തതായ ഈ കോടതിയുടെ വിധിന്യായത്തിൽ വിശ്വാസമർപ്പിക്കേണ്ടതുണ്ട്. ഒഴിവുകൾ ലഭ്യമായ തീയ്യതീ മുതൽ സീനിയോറിറ്റി അവകാശപ്പെട്ടുകൊണ്ടുള്ള അപ്പീൽവാദിയുടെ അവകാശവാദത്തിന്റെ പശ്ചാത്തലത്തിലാണ് ടി കണ്ടെത്തൽ; എന്നിരുന്നാലും നിലവിലെ കേസിൽ, അതേ തിരഞ്ഞെടുക്കൽ പ്രക്രിയയിലെ മറ്റു ഉദ്യോഗാർത്ഥികൾ നിയമിതരായ തീയ്യതി മുതലുള്ള സീനിയോറിറ്റിയാണ് അപ്പീൽവാദി അവകാശപ്പെടുന്നത്; മോഡറേഷൻ മാർക്ക് മൂലമുള്ള നിയമവിരുദ്ധപ്രവർത്തി കാരണമാണ്, അപ്പീൽവാദി ഒഴിവാക്കപ്പെട്ടത്. ആയതുകൊണ്ട്, ടി വിധിന്യായം, ഉന്നയിക്കപ്പെട്ടതായ വാദങ്ങൾക്ക് സഹായകരമല്ല.

41. 2010 ഡിസംബർ 22-)ᶦ തിയ്യതീയിലെ കേരള സർക്കാരിന്റെ ഒഫിഷ്യൽ മെമ്മോറാണ്ടത്തിലും, അപ്പീൽവാദിയെ നിയമിച്ചുകൊണ്ടുള്ളതായ സംസ്ഥാന സർക്കാറിന്റെ പിന്നീടുള്ള അറിയിപ്പിലും, മൂന്ന് ഉദ്യോഗാർഥികളുടെ തിരഞ്ഞെടുപ്പ് റദ്ധാക്കുകയും അപ്പീൽവാദിക്ക് ക്രമനമ്പർ 41 ഉം, ബഹറുദ്ദീന് ക്രമനമ്പർ 42 ഉം നൽകികൊണ്ടുള്ള നിയമനവുമാണ് ഉള്ളത്. തിരഞ്ഞെടുക്കൽ പട്ടിക

9 (2012) 13 എസ്‌സിസി 340

ഉണ്ടാക്കുമ്പോഴുള്ള യോഗ്യതയോട് ചേർന്നാണത്. ആയതുകൊണ്ട് അപ്പീൽവാദി അദ്ദേഹത്തിന്റെ നിയമനത്തിന്റെ 1 വർഷം 2 മാസത്തിന് ശേഷവും ആയതിൽ തർക്കമുന്നയിച്ചിട്ടില്ലയെന്നകാരണത്താൽ അത്തരം യോഗ്യതയെ തടസപ്പെടുത്താൻ പാടില്ല. സുസമ്മതമായി, അപ്പീൽവാദിയുടെ നിയമനത്തിന് മുൻപായി, 2009 വർഷത്തിൽ, ഒരു സീനിയോറിറ്റി പട്ടിക വിതരണം ചെയ്തിട്ടുണ്ട്, ശേഷം ഒരു സീനിയോറിറ്റി പട്ടികയും വിതരണം ചെയ്തിട്ടില്ല. 2017 ഒക്ടോബർ മാസം 19-)ാ തിയ്യതി സ്വീകരിച്ചിട്ടുള്ളതായ നിവേദനം, അപ്പീൽവാദി മുൻപേ തന്നെ സീനിയോറിറ്റി അവകാശപ്പെട്ടുകൊണ്ട് സമർപ്പിച്ചിട്ടുള്ളതാണ്. ഒരു ജീവനക്കാരന്, അയാളുടെ ഇഷ്ടമനുസരിച്ച് ഒരു നിവേദനത്തിന്മേൽ തിരുമാനമെടുക്കുന്നതിനോ സീനിയോറിറ്റി അന്തിമമാക്കുന്നതിനോ, ജോലി നൽകിയയാൾക്ക് മുകളിലായി നിയന്ത്രണം ഉണ്ടായിരിക്കില്ല. സീനിയോറിറ്റി ക്ലെയിം തീർപ്പാക്കുന്നതിനു ഹൈക്കോടതി നീണ്ട സമയമെടുത്തു. ടി വസ്തുത, അതേ തിരഞ്ഞെടുക്കൽ പ്രക്രിയയിലെ മറ്റു ഉദ്യോഗാർത്ഥികൾ നിയമിതരായ തീയ്യതി മുതലുള്ള സീനിയോറിറ്റി അവകാശപ്പെടുന്നതിൽ അപ്പീൽവാദിക്കുള്ള അർഹതയില്ലാതാക്കുന്നില്ല. മുൻപത്തെ റൗണ്ടിൽ അപ്പീൽവാദി ഡിവിഷൻ ബെഞ്ചിന്റെ മുമ്പാകെ അദ്ദേഹത്തിൻറെ അവകാശം വിജയകരമായി സമർപ്പിച്ചതുകൊണ്ടും ഒരു നിവേദനം മുഖേന അത് പുനരാവർത്തിക്കുകയും ചെയ്തതുകൊണ്ടും, കുറച്ച് ഉദ്യോഗസ്ഥർക്ക് സെലക്ഷൻ ഗ്രേഡ് നൽകി എന്ന വസ്തുത സാങ്കൽപ്പിക സീനിയോറിറ്റി തീയ്യതി അവകാശപ്പെടുന്നതിൽനിന്നും അപ്പീൽവാദിയെ തടസ്സപ്പെടുത്തുന്നില്ല. നിവേദനത്തിന്മേൽ തീരുമാനമെടുക്കുന്നതിൽ ഹൈകോടതിക്കുണ്ടായ കാല താമസം, അതേ തിരഞ്ഞെടുക്കൽ പ്രക്രിയ മുഖേന മറ്റു ഉദ്യോഗാർഥികളുടെ തിരഞ്ഞെടുക്കപ്പെട്ട തീയ്യതി മുതൽ സീനിയോറിറ്റി അവകാശപ്പെടാനുള്ള അപ്പീൽവാദിയുടെ അവകാശത്തെ തോൽപ്പിക്കാനാകില്ല.

42. എന്നിട്ടും വീണ്ടും 2010 ഡിസംബർ 22-)ാ തീയതിയിലെ ഉത്തരവിലൂടെ, അദ്ദേഹത്തിന്റെ നിയമനം ചോദ്യം ചെയ്യാൻ അപ്പീൽവാദി വൈകിപ്പോയി എന്നു വിധിച്ചതിൽ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന് നിയമപരമായി പൂർണ്ണമായും തെറ്റുപറ്റി. ഡിവിഷൻ ബെഞ്ച് നേരത്തെ തന്നെ പുറപ്പെടുവിച്ചതായ ഒരു നിർദേശത്തിലൂടെ അപ്പീൽവാദിയെ നിയമിച്ചിട്ടുള്ളതാണ്. തിരഞ്ഞെടുക്കൽ പട്ടിക പരിഷ്കരിക്കാൻ ഡിവിഷൻ ബെഞ്ച് നിർദ്ദേശിക്കുകയും അത്തരം തിരഞ്ഞെടുക്കൽ പട്ടികയിൽ അപ്പീൽവാദിയുടെ പേര് ക്രമനമ്പർ: 3 ലും ബഹറുദ്ദീന്റെ ക്രമ നമ്പർ 4 ലുമാണ്. 2012 ഏപ്രിൽ 11-ന്; അതായത് അദ്ദേഹം ജോലിയിൽ ചേർന്നിട്ട് ഒരു വർഷവും രണ്ടു മാസത്തിനുള്ളിൽ അപ്പീൽവാദി നിവേദനം സമർപ്പിക്കുകയും 2014 സെപ്റ്റംബർ 18-ന് ഓർമ്മപ്പെടുത്തൽ സമർപ്പിക്കുകയും ചെയ്തു. അപ്പീൽവാദിയുടെയും മറ്റു നേരിട്ടുള്ള നിയമനക്കാരുടെയും നിവേദനത്തിനുമേൽ നടപടിയെടുക്കാൻ ഹൈക്കോടതിയാണ് സമയമെടുത്തത്. അപ്പീൽവാദി അദ്ദേഹത്തിന്റെ ആവലാതികൾ പരിഹരിക്കുന്നതിനായി വ്യവഹാരം നടത്തിയത് നിയമപരമായ രീതിയിലായിരുന്നു. ആയതിനാൽ, 2009 മാർച്ച് 30 നിയമന തീയതിയായി അവകാശപ്പെടാത്തതുകൊണ്ട് അപ്പീൽവാദിയുടെ അവകാശവാദത്തിന് കാല താമസമുണ്ടായിട്ടുണ്ടെന്ന് പറയാനാവില്ല. 2010 ഡിസംബർ 22-)ാതീയതിയിലെ ആശയവിനിമയപ്രകാരം അപ്പീൽവാദി വസ്തുതാപരമായി നിയമിതനായതിനാൽ അദ്ദേഹത്തിന് അത്തരം നിയമനവാഗ്ദാനത്തിനും മുൻപായി ചാർജെടുത്തതായി അനുമാനിക്കാനോ, അനുമാനം അവകാശപ്പെടാനോ കഴിയില്ല. പൊതുവായ നിയമന പ്രക്രിയയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരേ തിരഞ്ഞെടുക്കൽ പട്ടിക മുഖേന നിയമിതരായ മറ്റു ഉദ്യോഗാർഥികളെ

നിയമിച്ചതായ തീയതി മുതലുള്ള സാങ്കൽപ്പിക സീനിയോറിറ്റി അപ്പീൽവാദിക്കു നൽകേണ്ടതുമാണ്.

43. ഹൈക്കോടതിക്കുവേണ്ടി ഹാജരാകുന്ന വിവരസ്ഥനായ മുതിർന്ന അഭിഭാഷകൻ ശ്രീ. പി. എൻ. രവീന്ദ്രന്റെ അഭിപ്രായപ്രകാരം, ഭരണ സമിതിയുടെ ഉത്തരവിനെ തുടർന്ന് ക്രമനമ്പർ:18 ലെ സീനിയോറിറ്റി അപ്പീൽവാദിക്കു നല്കിയിട്ടുള്ളതും, എന്നാൽ ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവിനെ തുടർന്ന് തിരഞ്ഞെടുക്കൽ പട്ടിക പരിഷ്കരിക്കുകയും, ക്വാട്ടയ്ക്കതീതമായി ട്രാൻസ്ഫർ മുഖേന നിയമിതരായ ഉദ്യോഗസ്ഥർക്കും താഴെയായി; ഇതുവരെ തർക്കമുന്നയിച്ചിട്ടില്ലാത്ത ബഹറുദ്ദീനേക്കാളും താഴെയായി, 42-)ാ ക്രമ നമ്പറിലെ സീനിയോറിറ്റിയിലാണ് അപ്പീൽവാദിയെ ക്രമീകരിച്ചിരിക്കുന്നതെന്നുമാണ്. 2007 ൽ കേഡറിലെ പരമാവധി ആളുകളുടെ എണ്ണം 96 ആയിരുന്നുവെന്നും, ആയതിൽ 24 തസ്തികകൾ നേരിട്ടുള്ള നിയമനക്കാർക്കുള്ള ക്വാട്ടയിൽപെട്ടതുമാണെന്ന വിവരസ്ഥനായ അഭിഭാഷകൻ ഉന്നയിച്ചതായ വാദത്തിൽ കഴമ്പുണ്ടെന്ന് ഞങ്ങൾ കാണുന്നു. സർവീസിനകത്തെ ഉദ്യോഗാർത്ഥികളുടെ ക്വാട്ടയിലേക്കാണ് ബാക്കിയുള്ളത് പോകുന്നതെന്ന ഒരു നിബന്ധനയുമില്ലെങ്കിൽ കൂടിയും, എന്നാലും മൂന്നിലൊന്ന് ഒരു പ്രത്യേക സംഖ്യയായിരിക്കേണ്ടതാണ്. കേഡറിലെ പരമാവധി ആളുകളുടെ എണ്ണം പ്രത്യേകമായി 96 ആയതിനാൽ, നേരിട്ടുള്ള നിയമനക്കാരുടെ ക്വാട്ടയിലേക്കാണ് 24 തസ്തികകൾ പോകുന്നതെന്നും, 72 എണ്ണം സർവീസിനകത്തെ ഉദ്യോഗാർത്ഥികളിലൂടെ, അപ്പീൽവാദിയുടെ ക്വാട്ടയിലേക്കാണെന്നുമാണ്. പ്രോമോട്ടീ ഉദ്യോഗാർത്ഥികൾക്കായി ക്വാട്ടയൊന്നും ഇല്ലായെന്നുള്ള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് രേഖപ്പെടുത്തിയതായ കണ്ടെത്തലുകൾ സമ്മതിക്കുവാൻ ഞങ്ങൾക്ക് കഴിയില്ലാത്തതാണ്. ഒരു ഉദ്യോഗസ്ഥനും ഭരണ സമിതിയുടെ കണ്ടെത്തലുകൾ അല്ലെങ്കിൽ എതിർസത്യവാങ്മൂലത്തിലെ ഹൈക്കോടതിയുടെ ദൃഢപ്രസ്താവം ഖണ്ഡിച്ചിട്ടില്ലാത്തതാണ്. സർവീസിനകത്തെ ഉദ്യോഗാർത്ഥി-കൾക്കുള്ള ക്വാട്ട മൂന്നിൽ രണ്ടു ഭാഗം ആണെന്നു ചട്ടം പ്രത്യേകമായി പറയുന്നില്ലായെന്ന കാരണത്താൽ, കേഡറിലെ പരമാവധി ആളുകളുടെ എണ്ണം കണക്കിലെടുക്കാതെ സ്ഥാനക്കയറ്റം നല്കാമെന്നതിനർത്ഥമില്ല. സ്ഥാനക്കയറ്റം അസാധുവാക്കുവാനോ, ഭേദഗതി വരുത്തുവാനോ, റദ്ദാക്കുവാനോ കഴിയാതെ വന്നേക്കാം, എന്നാൽ സർവീസിനകത്തെ ഉദ്യോഗാർത്ഥിയുടെ നിയമനത്തിനായുള്ളതായ ക്വാട്ടയുണ്ടെങ്കിൽ മാത്രമേ ഒരു ഉദ്യോഗാർത്ഥിക്ക് സീനിയോറിറ്റി ലഭിക്കുകയുള്ളൂ. ഹൈക്കോടതിയുടെ അഭിപ്രായത്തിൽ, കേഡറിലെ പരമാവധി ആളുകളുടെ എണ്ണം 96 എന്നതിനെതിരായി 126 ഉദ്യോഗസ്ഥരാണ് ജോലിചെയ്യുന്നത്. അതായത് കേഡറിലെ പരമാവധി ആളുകളുടെ എണ്ണത്തെക്കാൾ വളരെ കൂടുതൽ, അതിനാൽ ഏതെങ്കിലും പ്രഖ്യാപനത്തിന്റെയോ അല്ലെങ്കിൽ കണ്ടെത്തലിന്റെയോ അഭാവത്തിൽ, 9 ഉം 10 ഉം നമ്പറുകളും അല്ലെങ്കിൽ 11 ഉം 12 ഉം എതിർകക്ഷികളും അവരുടെ ക്വാട്ടയ്ക്കകത്താണ്. സർവീസ്സിനകത്തെ ഉദ്യോഗാർത്ഥികൾക്ക് ക്വാട്ടയില്ല എന്ന ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ കണ്ടെത്തൽ വ്യക്തമായും തെറ്റാണ്.ആകെ കേഡറിലെ പരമാവധി ആളുകളുടെ എന്നതിന്റെ മൂന്നിലൊന്നാണ് നേരിട്ടുള്ള നിയമനത്തിന്റെ ക്വാട്ടയെന്നും അതിന്റെ ഫലമായി സർവീസ്സിനകത്തെ ഉദ്യോഗാർഥികളുടെ ക്വാട്ട മൂന്നിൽരണ്ടുമാണെന്നും ഹനീഫയുടെ കേസിൽ ഫുൾ ബെഞ്ച് ശരിയായാണ് വിധിച്ചത്. സർവീസ്സിനകത്തെ ഉദ്യോഗാർത്ഥികളുടെ ക്വാട്ടയ്ക്കതീതമായി നിയമിതരായ ഉദ്യോഗാർഥികളുടെ തിരിച്ചയയ്ക്കലിന്റെ കേസാകാമിത്, എന്നാൽ നേരിട്ടുള്ള നിയമനക്കാർക്കുള്ള ക്വാട്ട മൂന്നിലൊന്ന് ആണെന്ന വസ്തുത നിൽക്കുന്നുവെന്നും, പരിണിതഫലമായി, മൂന്നിൽ രണ്ട് സർവീസിനകത്തെ

ഉദ്യോഗാർത്ഥികൾക്കുള്ളതാണെന്നുമാണ്; ഏതു ക്വാട്ടയിലാണോ 2008 ജൂൺ മാസം 9-)o തീയതിയിലെ ചട്ടങ്ങളിലെ ഭേദഗതി മൂലം മാറ്റം വന്നിട്ടുള്ളത്. ഭേദഗതി പ്രാപിച്ച ചട്ടങ്ങൾ പ്രകാരം 25 % നേരിട്ടുള്ള നിയമനക്കാരുടെ ക്വാട്ടയാണെന്നും, 50% യോഗ്യതയുടെയും കഴിവിന്റെയും അടിസ്ഥാനത്തിൽ, കേരള സ്റ്റേറ്റ് ജുഡീഷ്യൽ സർവീസിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടുമാരുടെയും സബ്ജഡ്ജുമാരുടെയും വിഭാഗം-I ൽ നിന്നുള്ള ട്രാൻസ്ഫർ മുഖേനയുള്ളവർക്കുള്ള-താണെന്നും, 25% തസ്തികകൾ, ലിമിറ്റഡ് മത്സര പരീക്ഷയുടെയും ചോദ്യോത്തരപരീക്ഷയുടെയും അടിസ്ഥാനത്തിൽ ട്രാൻസ്ഫർ മുഖേനയുള്ളവരെ-കൊണ്ട് പൂരിപ്പിക്കുവാൻ വിഭാവനം ചെയ്തിരിക്കുകയുമാണ്. ആയതുകൊണ്ട് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ തീരുമാനം വ്യക്തമായും തെറ്റായതാ-ണെന്നും, ഫുൾ ബെഞ്ച് വിധിന്യായത്തിനെതിരെയാണെന്നും, അങ്ങനെ നിയമപ്രകാരം നിലനിൽക്കുന്നതല്ലായെന്നുമാണ്.

44. 11 ഉം 12 ഉം എതിർകക്ഷികൾക്ക് അപ്പീൽവാദിക്കും മുൻപേ സെലക്ഷൻ ഗ്രേഡ് നൽകി എന്ന വാദം, ഏതെങ്കിലും മെച്ചപ്പെട്ടതോ, നിയമപരമോ അല്ലെങ്കിൽ നീതിപൂർവ്വകമോ ആയ അവകാശമൊന്നും നൽകുന്നില്ല. 9 ഉം 10 ഉം എതിർകക്ഷികളുടെ ട്രാൻസ്ഫർ മുഖേനയുള്ള നിയമന കത്തിൽ, നേരിട്ടുള്ള നിയമനക്കാരുടെ നിയമനത്തിന് ഹാനികരമാകാത്തവിധമാകണം അവരുടെ നിയമനമെന്നുള്ള പ്രത്യേക നിബന്ധന ഉണ്ടായിരുന്നു. നേരിട്ടുള്ള നിയമനക്കാരുടെ അവകാശങ്ങൾ പ്രത്യേകമായി സൂചിപ്പിച്ചിരിക്കുന്നതുകൊണ്ട്, അവർക്കു സെലക്ഷൻ കേഡർ നേരത്തെ നൽകിയെന്നകാരണത്താൽ, അത്തരം എതിർകക്ഷികൾക്ക് കേഡറിലെ അവരുടെ ട്രാൻസ്ഫറിന്റെ ഒരു സംരക്ഷണവും അവകാശപ്പെടാൻ കഴിയില്ല. അത്തരം ഉദ്യോഗാർത്ഥികളുടെ നിയമനം, ട്രാൻസ്ഫർ മുഖേനയുള്ള നിയമനമുദ്ദേശിച്ചു-കൊണ്ടുള്ളതായ അവരുടെ ക്വാട്ടയ്ക്കതീതമാണ് എന്നാണ് ഹൈകോടതിയുടെ ഭരണ സമിതിയും വിവരസ്ഥനായ സിംഗിൾ ജഡ്ജും രേഖപ്പെടുത്തിയതായ കണ്ടെത്തൽ. ആയതുകൊണ്ട് നിയമപരവും നീതിപൂർവ്വവുമായ അവകാശം അവർക്ക് അവകാശപ്പെടാനാവില്ല. അതുപോലെ, ആ സമയത്തു നിലവിലുള്ള റിട്ട് പെറ്റീഷനുകളിലെ ഉദ്യോഗാർത്ഥികളുടെ അവകാശത്തിനാധാരമാക്കി, 11 ഉം 12 ഉം എതിർകക്ഷികൾ കേഡറിലേക്കു ട്രാൻസ്ഫർ മുഖേന നിയമിതരായതാണ്. 13-09-2010 ൽ അപ്പീൽവാദി മുൻപേ ഫയൽ ചെയ്തതായ റിട്ട് പെറ്റീഷനിൽ പാസ്സാക്കിയതായ ഉത്തരവിന്റെ വെളിച്ചത്തിലാണ്, ടി റിട്ട് പെറ്റീഷനുകളിന്മേൽ തീരുമാനമെടുത്തിരിക്കുന്നത്. ഇൻട്രാ കോർട്ട് അപ്പീലിൽ ഡിവിഷൻ ബെഞ്ച് തെറ്റായി ഇടപെട്ടതായ, സാങ്കൽപ്പിക സീനിയോറിറ്റി അവകാശപ്പെട്ടുകൊണ്ടുള്ള അപ്പീൽവാദിയുടെ ക്ലെയിം നീതിപൂർവ്വമല്ലന്നങ്ങനെ പറയാൻ കഴിയില്ല.

45. അനന്തരഫലമായി, അപ്പീലുകൾ അനുവദിക്കുന്നുവെന്നും ഡിവിഷൻ ബെഞ്ച് പാസ്സാക്കിയതായ ഉത്തരവുകൾ റദ്ദാക്കുന്നുവെന്നും ചിലവുകളിന്മേൽ ഉത്തരവുകളൊന്നുമില്ലാതെ റിട്ട് പെറ്റീഷനുകൾ തള്ളാനും ഉത്തരവുള്ളതാണ്.

..........................................J.
(UDAY UMESH LALIT)

..........................................J.
(HEMANT GUPTA)

ന്യൂഡൽഹി

2020 മാർച്ച് 4-)ാ തീയതി

ബാധ്യതാ നിരാകരണം: പ്രാദേശിക ഭാഷയിൽ വിവർത്തനം ചെയ്ത വിധിന്യായം വ്യവഹാരിയുടെ ഭാഷയിൽ മനസ്സിലാക്കുന്നതിനുള്ള നിയന്ത്രിത ഉപയോഗത്തെ ഉദ്ദേശിച്ചിട്ടുള്ളതാണ്; മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി അത് ഉപയോഗിക്കാവുന്നതല്ല. എല്ലാവിധ പ്രായോഗികവും ഔദ്യോഗികവുമായ ആവശ്യങ്ങൾക്ക് വിധിന്യായങ്ങളുടെ ഇംഗ്ലീഷ് പതിപ്പാണ് ആധികാരികം. അത് എല്ലാ ആവശ്യങ്ങൾക്കും നടപ്പാക്കുന്നതിനും നടപ്പിലാക്കുന്നതിനും ആധികാരികമായി തുടരുകയും ചെയ്യുന്നതാണ്.